# മഹാത്മാഗാന്ധി സർവ്വകലാശാല
## 2023 ഒക്ടോബർ 21–ാം തീയതി ശനിയാഴ്ച രാവിലെ 10.30–ന് സിൻഡിക്കേറ്റ് ഹാളിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ (23.07) നടപടിക്കുറിപ്പുകൾ

ഹാജരായ അംഗങ്ങൾ:

| | | |
|---|---|---|
| 1. | ഡോ. സി. റ്റി. അരവിന്ദകുമാർ | വൈസ് ചാൻസിലർ (അദ്ധ്യക്ഷൻ) |
| 2. | ശ്രീ. ഹരികൃഷ്ണൻ പി. | സിൻഡിക്കേറ്റംഗം |
| 3. | ഡോ. സുധാകരൻ കെ. എം. | സിൻഡിക്കേറ്റംഗം |
| 4. | ഡോ. ബി. കേരളവർമ്മ | സിൻഡിക്കേറ്റംഗം |
| 5. | ഡോ. ബിജു തോമസ് | സിൻഡിക്കേറ്റംഗം |
| 6. | ഡോ. ആർ. അനിത | സിൻഡിക്കേറ്റംഗം |
| 7. | ഡോ. ബിജു പുഷ്പൻ | സിൻഡിക്കേറ്റംഗം |
| 8. | ഡോ. എ. ജോസ് | സിൻഡിക്കേറ്റംഗം |
| 9. | ഡോ. സിനി കുര്യൻ | സിൻഡിക്കേറ്റംഗം |
| 10. | ഡോ. ബീന മാത്യു | സിൻഡിക്കേറ്റംഗം |
| 11. | ഡോ. ബൈജു കെ. ആർ. | സിൻഡിക്കേറ്റംഗം |
| 12. | അഡ്വ. ജോബ് മൈക്കിൾ MLA | സിൻഡിക്കേറ്റംഗം |
| 13. | ഡോ. ബാബു മൈക്കിൾ | സിൻഡിക്കേറ്റംഗം |
| 14. | അഡ്വ. റജി സക്കറിയ | സിൻഡിക്കേറ്റംഗം |

സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. നന്ദകുമാർ കളരിക്കൽ, ഫിനാൻസ് വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. എൽ ആർ സജീവ് കുമാർ എന്നിവർ ഓൺലൈനായി യോഗത്തിൽ പങ്കെടുത്തു.

രജിസ്ട്രാർ ഡോ. പ്രകാശ് കുമാർ ബി–യും സന്നിഹിതനായിരുന്നു.

**അനുശോചന പ്രമേയം :**

സർവകലാശാലാ മുൻ പരീക്ഷാ കൺട്രോളറും കേരള സർവകലാശാല മുൻ വൈസ് ചാൻസലറും ആയിരുന്ന ഡോ. എൻ. ബാബു, കൃഷി ശാസ്ത്രജ്ഞനും ഹരിതവിപ്ലവത്തിന്റെ പിതാവുമായ ഡോ. എം.എസ് സ്വാമിനാഥൻ, ചലച്ചിത്ര സംവിധായകൻ കെ.ജി. ജോർജ്, മുൻ എം.എൽ.എയും തൊഴിലാളി നേതാവുമായിരുന്ന ആനത്തലവട്ടം ആനന്ദൻ, മുൻ എം.എൽ.എയും സോഷ്യലിസ്റ്റ് നേതാവും ലോക് തന്ത്രിക് ജനതാ ദൾ സംസ്ഥാന പ്രസിഡന്റുമായിരുന്ന എം.കെ. പ്രേംനാഥ്, എഴുത്തുകാരനും കേരള സാഹിത്യ അക്കാദമി പുരസ്കാര ജേതാവും എറണാകുളം മഹാരാജാസ് കോളജ് അധ്യാപകനുമായിരുന്ന പ്രഫ. സി.ആർ. ഓമനക്കുട്ടൻ, ബി.ജെ.പി മുൻ സംസ്ഥാന ജനറൽ സെക്രട്ടറി പി.പി. മുകുന്ദൻ, വിഖ്യാത നാടൻ പാട്ട് രചയിതാവ് അറുമുഖൻ വെങ്കിടങ്ങ്, ചലച്ചിത്ര നിർമാതാവും മാതൃഭൂമി ഡയറക്ടറുമായ പി.വി. ഗംഗാധരൻ, പ്രമുഖ പരിസ്ഥിതി പ്രവർത്തകനും ഗുരുവായൂരപ്പൻ കോളേജ് ഇക്കണോമിക്സ് വിഭാഗം മുൻ മേധാവിയുമായിരുന്ന പ്രഫ. ടി. ശോഭീന്ദ്രൻ, പ്രമുഖ മാധ്യമ പ്രവർത്തകൻ സച്ചിദാനന്തമൂർത്തി, മുൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ എം.എസ്. ഗിൽ, മുൻ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ എം.എസ് ജോസഫ്, ചിത്രകാരനും മാഹി മലയാള കലാഗ്രാമം മുൻ പ്രിൻസിപ്പലും ആയ കെ.പി വത്സരാജ്, ചിത്രകാരനും പൊതുമരാമത്ത് വകുപ്പ് മുൻ എക്സിക്യൂട്ടീവ് എൻജിനീയറുമായിരുന്ന കെ. ശിവശങ്കരൻ നായർ, റോട്ടറി ക്ലബ് മുൻ ഗവർണർ ഗീത എബ്രഹാം, നാടക-സിനിമ-സംഗീത കലാകാരൻ മരട് ജോസഫ്, പ്രശസ്ത ഭരതനാട്യ നർത്തകിയും ഗുരുവുമായ സരോജ വൈദ്യനാഥൻ, മുതിർന്ന പത്ര പ്രവർത്തകനും ജനയുഗം മുൻ കോർഡിനേറ്റിംഗ് എഡിറ്ററുമായ യു. വിക്രമൻ, ഭാഷാ പണ്ഡിതനും കേരള സർവകലാശാലാ ലെക്സിക്കൺ മുൻ മേധാവിയുമായ ഡോ. ബി.സി ബാലകൃഷ്ണൻ, പൗരധ്വനി ഗ്രൂപ്പ് പ്രസിദ്ധീകരണങ്ങളുടെ ചീഫ് എഡിറ്ററായിരുന്ന അനുജൻ അത്തിക്കയം, പ്രശസ്ത മാപ്പിളപ്പാട്ട് ഗായിക റംല ബീഗം, കഥകളി നടൻ കോട്ടയ്ക്കൽ ഗോപീ നായർ, കുള്ളൻ തെങ്ങ് വികസിപ്പിക്കുന്നതിൽ നിർണായക പങ്കു വഹിച്ച പ്രശസ്ത കൃഷി ശാസ്ത്രജ്ഞൻ ഡോ. എൻ.

മാധവൻ നായർ, പ്രശസ്ത കാർട്ടൂണിസ്റ്റ് സുകുമാർ, 96-ാം വയസ്സിൽ സാക്ഷരതാ മിഷൻ നാലാം തരം തുല്യതാ പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ അക്ഷര മുത്തശ്ശി കാർത്ത്യായനിയമ്മ, പ്രമുഖ ചലച്ചിത്ര നടൻ കുണ്ടറ ജോണി, പലസ്തീൻ-ഇസ്രയേൽ യുദ്ധത്തിൽ ജീവൻ നഷ്ടമായവർ എന്നിവരുടെ നിര്യാണത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം അനുശോചനം രേഖപ്പെടുത്തി.

**<u>അനുമോദനം</u>**

സിവിൽ സർവ്വീസ് പരീക്ഷയിൽ ഉയർന്ന റാങ്കു കരസ്ഥമാക്കിയ സർവ്വകലാശാലയിലെ ഗവേഷക വിദ്യാർത്ഥിയായ ഗഹന നവ്യ ജയിംസ്, ഉത്തർപ്രദേശിൽ നടന്ന ഖേലോ ഇന്ത്യ അത് ലറ്റിക്സിൽ ഓവറാൾ കിരീടം കരസ്ഥമാക്കിയ മഹാത്മാഗാന്ധി സർവ്വകലാശാല ടീം, വിദേശ ഫെലോഷിപ്പിന് അർഹരായ സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജിയിലെ 14 വിദ്യാർത്ഥികൾ, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ രണ്ട് എം.ടെക് വിദ്യാർത്ഥികൾ, Clarivate India Research Excellence - lifetime achievement പുരസ്കാരവും മെറ്റീരിയൽ സയൻസിൽ ടൈംസ് വേൾഡ് റാങ്കിംഗിൽ ഉന്നത സ്ഥാനവും കരസ്ഥമാക്കിയ സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. സാബു തോമസ് എന്നിവരെ യോഗം അനുമോദിച്ചു. സർവ്വകലാശാല സെന്ററായ BIIC-ക്ക് കേരളത്തിലെ സർവ്വകലാശാലകളിൽ ഏറ്റവും നന്നായി സ്റ്റാർട്ടപ് പ്രോഗ്രാമുകൾ നടത്തിയതിനുള്ള സംസ്ഥാന സർക്കാർ അവാർഡ് ലഭിച്ചു.

**<u>റിപ്പോർട്ടിംഗ്</u>**

സർവ്വകലാശാല 2023 മാർച്ചിൽ ആരംഭിച്ച U3A പ്രോഗ്രാമിലേക്ക് 2000 മെമ്പേഴ്സ് രജിസ്റ്റർ ചെയ്തതായി യോഗത്തിൽ റിപ്പോർട്ട് ചെയ്തു. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ വച്ച് ഒക്ടോബർ 26, 27, 28 തീയതികളിൽ പോളാർ റിസേർച്ചുമായി ബന്ധപ്പെട്ട് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതായും, National Centre for Polar and Ocean Research (NCPOR), Goa-യും മഹാത്മാഗാന്ധി സർവ്വകലാശാലയിലെ International Centre for Polar Studies (ICPS) ഉം തമ്മിൽ അക്കാദമിക ഗവേഷണ മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിന് വേണ്ടി ഒരു ധാരണാപത്രം ഒപ്പിടുന്നതായും വൈസ് ചാൻസലർ യോഗത്തിൽ അറിയിച്ചു. BIIC-യുടെ കീഴിൽ വാഴക്കുളത്ത് ഒരു റീജിയണൽ സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും, മാർ ക്രിസ്റ്റോസ്റ്റം ചെയർ ഉദ്ഘാടനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായും യോഗത്തിൽ റിപ്പോർട്ട് ചെയ്തു. നാലു വർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ സർവ്വകലാശാല നടത്തിയ മുന്നൊരുക്കങ്ങളെപ്പറ്റി അവതരിപ്പിച്ചതായും ആയതിന് മീറ്റിംഗിന്റെ പ്രശംസ നേടിയെടുക്കാൻ സാധിച്ചതായും യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

## (I) നിയമ പ്രാധാന്യമുള്ള പരിഗണന ഇനം

**ഇനം നമ്പർ: 01/23.07/230018** — **13.09.2023-നു കൂടിയ അക്കാദമിക് കൗൺസിൽ യോഗ നടപടി ക്രമങ്ങൾ - സിൻഡിക്കേറ്റു മുൻപാകെ വെയ്ക്കുന്നത് - സംബന്ധിച്ച്**

13.09.2023-ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗ നടപടിക്രമങ്ങൾ 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് അദ്ധ്യായം V, സെക്ഷൻ 40(1) പ്രകാരവും 1997-ലെ മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് - 39-ാം അദ്ധ്യായം - സ്റ്റാറ്റ്യൂട്ട് 3 പ്രകാരവും സിൻഡിക്കേറ്റിന് മുൻപാകെ സമർപ്പിച്ചു. **(അനുബന്ധം-1)**

## (II) (a) 1985–ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് III 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നവ:

**ഇനംനമ്പർ 02/23.07/112030/AD A9-3/2023 –** **2023 – 2024 ലെ അന്തർ കലാലയ/ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ സുഗമമായ നടത്തിപ്പ് ചെലവിലേയ്ക്കായി താൽക്കാലിക മുൻകൂർ തുകയായി ₹25,00,000/- (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) സ്പെസ്സ് ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 ചാപ്റ്റർ III സെക്ഷൻ 10 (17) പ്രകാരം അനുവദിച്ചത് – സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

2023 – 2024 ലെ അന്തർ കലാലയ/ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ സുഗമമായ നടത്തിപ്പ് ചെലവിലേയ്ക്കായി, ഒന്നാം ഗഡു തുക 25,00,000/- (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) രൂപ താൽകാലിക മുൻകൂർ തുകയായി, സ്പെസ്സ് ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985,അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം അനുവദിച്ച് ഉത്തരവായ വൈസ് ചാൻസലറുടെ നടപടിയും തദനുസരണം പുറപ്പെടുവിച്ച 11.09.2023-ലെ 9549/AD A 9/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 03/23.07/7926/AC A8-3/2023 –** **പത്തനംതിട്ട മൗണ്ട് സയൻ ലോ കോളേജിനെതിരായി നിമിഷ സുരേഷ്,ഗോപിക സുരേഷ്,അലീഷാ അക്ബർ എന്നീ വിദ്യാർത്ഥിനികൾ സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ബഹു വൈസ് ചാൻസലർ പുറപ്പെടുവിച്ച ഉത്തരവ് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

കടമ്മനിട്ട മൗണ്ട് സയൺ ലോ കോളേജിലെ 5-ാം സെമസ്റ്റർ B.Com L.L.B. വിദ്യാർത്ഥികളായ നിമിഷ സുരേഷ്, ഗോപിക സുരേഷ്, അലീഷാ അക്ബർ എന്നിവർ കോളേജ് അധികൃതർ തങ്ങളുടെ അറ്റൻഡൻസ് മനഃപൂർവമായി കുറക്കുന്നു എന്ന് ആരോപിച്ചുകൊണ്ട് സമർപ്പിച്ച പരാതിയിന്മേൽ നിയമിതമായ അന്വേഷണ കമ്മീഷൻ സമർപ്പിച്ച ശുപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 21.08.2023-ലെ 9159/AC A8/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 04/23.07/116517/CT & D/2023 –** **സർവ്വകലാശാല കോൺഫിഡൻഷ്യൽ പ്രിന്റർക്ക് ചോദ്യപേപ്പർ അച്ചടിച്ചതുമായി ബന്ധപ്പെട്ട് പ്രിന്റിംഗ് ചാർജ് ഇനത്തിൽ രൂപ. 1,686,549/- (രൂപ പതിനാറു ലക്ഷത്തി എണ്പത്തിയാറായിരത്തി അഞ്ഞൂറ്റി നാല്പത്തിയൊമ്പത് രൂപ മാത്രം) അനുവദിച്ച് നൽകുന്നത് – സംബന്ധിച്ച്.**

ജനുവരി 2023 മുതൽ മെയ് 2023 വരെയുള്ള കാലയളവിൽ ചോദ്യപേപ്പർ അച്ചടിച്ചതിന്റെയും അത് സർവ്വകലാശാലയിൽ എത്തിച്ചതിന്റെയും, ഓൺലൈൻ ചോദ്യപേപ്പറുകൾ തയ്യാറാക്കിയതിന്റെയും പ്രിന്റിങ് ചാർജ് ഇനത്തിൽ കോൺഫിഡൻഷ്യൽ പ്രിന്റർക്ക് രൂപ.1,686,549/- (രൂപ പതിനാറു ലക്ഷത്തി എണ്പത്തിയാറായിരത്തി അഞ്ഞൂറ്റി നാല്പത്തിയൊമ്പത് മാത്രം) അനുവദിച്ച് നൽകുന്നതിന് വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 14.09.2023 തീയതിയിലെ No. CE.323/CT&D/53/2023 നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 05/23.07/98430/AC A1-2/2023 -** **സെന്റർ ഫോർ യോഗ & നാച്ചുറോപ്പതിയിൽ പുതുതായി ആരംഭിക്കുന്ന - Diploma Course in Naturopathy പ്രോഗ്രാമിന്റെ ഫീസ് ഘടന നിശ്ചയിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985 അധ്യായം III വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിന്റിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്:-**

സെന്റർ ഫോർ യോഗ & നാച്ചുറോപ്പതി പഠന വകുപ്പിൽ സർവ്വകലാശാല ഉത്തരവ് നമ്പർ. 1569/ACA12/2023/MGU തീയതി:09.02.2023 പ്രകാരം പുതുതായി ആരംഭിക്കുന്ന Diploma Course in Naturopathy പ്രോഗ്രാമിന്റെ ഫീസ് ഘടന ശിപാർശ ചെയ്തുകൊണ്ട് സെന്റർ ഫോർ യോഗ & നാച്ചുറോപ്പതി പഠന വകുപ്പ് ഓണററി ഡയറക്ടർ 14.09.2023 തീയതിയിൽ കത്ത് സമർപ്പിച്ചിരുന്നു. പ്രസ്തുത ശിപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 15.09.2023 തീയതിയിലെ 9756/ACA 1/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 06/23.07/85992/P&D 1-1/2023 -** **NAAC വിസിറ്റുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിലെ വിവിധ കെട്ടിടങ്ങളുടെ പെയിൻറിംഗും അനുബന്ധ പ്രവൃത്തികളും ശ്രീ വി ആർ ജയറാം, ശ്രീ സോമൻ നമ്പ്യാർ എന്നീ കരാറുകാർക്ക് നിജപ്പെടുത്തി നൽകുന്നത് സംബന്ധിച്ച് - മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985 ലെ അധ്യായം III പരിച്ഛേദം 10(17) പ്രകാരമുള്ള സവിശേഷ അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ അംഗീകരിച്ചതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിന്റിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്:-**

NAAC വിസിറ്റുമായി ബന്ധപ്പെട്ട സർവ്വകലാശാലയിലെ വിവിധ കെട്ടിടങ്ങളുടെ പെയിന്റിങ്ങും അനുബന്ധ പ്രവൃത്തികളും അടിയന്തിരമായി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് 07.07.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗ തീരുമാനപ്രകാരം ശ്രീ വി ആർ ജയറാം, ശ്രീ സോമൻ നമ്പ്യാർ എന്നീ കരാറുകാർക്ക് ടി പ്രവൃത്തികൾ നിജപ്പെടുത്തികൊണ്ടു യു.ഒ നം : 7636/P&D1/2023/എം.ജി.യു, തീയതി: 14.07.2023 പ്രകാരം ഉത്തരവായിരുന്നു. ടി കരാറുകാർക്ക് ഏതൊക്കെ കെട്ടിടങ്ങൾ അനുവദിച്ചു നൽകാമെന്ന് നിർദ്ദേശിച്ചു കൊണ്ട് സർവ്വകലാശാല എൻജിനിയർ കത്ത് നൽകിയിരുന്നു. ടി കത്തിലെ ശുപാർശകൾ വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 13.09.2023 തീയതിയിലെ 9673/P&D1/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 07/23.07/90190/AC B7-2/2023 -** **സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജായ തൃക്കാക്കര ഭാരത മാതാ കോളേജ് സ്വയം ഭരണ പദവി ലഭിക്കുന്നതിനായി യു.ജി.സി. ഓട്ടോണമസ് കോളേജ് പോർട്ടൽ മുഖേന സമർപ്പിച്ച അപേക്ഷ -ടി അപേക്ഷയിലും സമാനമായ മറ്റ് അപേക്ഷകളിലും സർവകലാശാലയുടെ അഭിപ്രായം സമയബന്ധിതമായി നൽകുന്നതിന് സിൻഡിക്കേറ്റ് പരിശോധന സമിതിയെ നിയോഗിച്ച നടപടി - മഹാത്മാ ഗാന്ധി സർവകലാശാല ആക്റ്റ് 1985 അദ്ധ്യായം III വകുപ്പ് 10 (17) അധികാരം വിനിയോഗിച്ച് അംഗീകരിച്ച വൈസ് ചാൻസിലറുടെ നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവകലാശാല ഉത്തരവും - സിന്റിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയുന്നത് സംബന്ധിച്ച് :-**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജായ തൃക്കാക്കര ഭാരത മാതാ കോളേജ് സ്വയം ഭരണ പദവി ലഭിക്കുന്നതിനായി യു.ജി.സി. ഓട്ടോണമസ് കോളേജ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു.

U.G.C. (Conferment of Autonomous Status upon Colleges and Measures for Maintenance of Standards in Autonomous Colleges) Regulations 2023, Clause 4.1 പ്രകാരം യു.ജി.സി. ഓട്ടോണമസ് കോളേജ് പോർട്ടൽ മുഖേന കോളേജുകൾ സമർപ്പിക്കുന്ന അപേക്ഷകളിൽ 30 പ്രവർത്തി ദിനങ്ങൾക്കുള്ളിൽ സർവ്വകലാശാലയുടെ ശുപാർശ കാര്യ കാരണ സഹിതം പോർട്ടൽ മുഖേന സമർപ്പിക്കേണ്ടതാണ്. ശുപാർശ നൽകാത്ത പക്ഷം സർവ്വകലാശാല അനുമതി നൽകിയതായി കണക്കാക്കി യു.ജി.സി. തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ തൃക്കാക്കര ഭാരത മാതാ കോളേജിന്റെ അപേക്ഷയിന്മേലും സ്വയംഭരണ പദവിയ്ക്കായി കോളേജുകൾ യു.ജി.സി.പോർട്ടൽ വഴി സമർപ്പിയ്ക്കുന്ന അപേക്ഷകളിന്മേലും സർവകലാശാലയുടെ അഭിപ്രായം സമയബന്ധിതമായി നൽകുന്നത് സംബന്ധിച്ച് വൈസ് ചാൻസലർ താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങളെടുക്കുകയുണ്ടായി .

1. The matter with regard to the constitution of a permanent inspection committee is to be placed before the Syndicate.

2. Till a decision is taken by the Syndicate, the Inspection Committee constituted as per U.O No. 7511/AC B7/2023/എം.ജി.യു dated 11-07-2023 is entrusted under Section 10(17) of Chapter 3 Mahatma Gandhi University Act 1985, to inspect and submit report on applications for autonomy submitted by colleges through UGC portal including the present one received from Bharata Mata College, Thrikkakara

അതിൻപ്രകാരം 22/07/2023-തീയതിയിലെ 7871/AC B7/2023/എം .ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട് .

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട മേൽ നടപടിയും തദനുസരണം പുറപ്പെടുവിച്ച 22/07/2023 തീയതിയിലെ 7871/ACB7/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 08/23.07/174806/AC A12-1/2022 –** **സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി, മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സ്റ്റഡീസ് ഇൻ സയൻസ് ഓഫ് മ്യൂസിക് (IUCSSM)-ൽ ആരംഭിച്ച മൂന്നാം സെമസ്റ്ററിലെ ഓപ്പൺ കോഴ്സായ Fundamentals of Science of Music എന്ന വിഷയത്തിന്റെ കോഴ്സ് കോഡ് പരിഷ്കരിക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, ഛേദം 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി, സർവ്വകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സ്റ്റഡീസ് ഇൻ സയൻസ് ഓഫ് മ്യൂസിക് (IUCSSM)-ൽ ആരംഭിച്ച മൂന്നാം സെമസ്റ്ററിലെ ഓപ്പൺ കോഴ്സായ Fundamentals of Science of Music എന്ന വിഷയത്തിന്റെ കോഴ്സ് കോഡ്, OBE Format അനുസരിച്ച് SMM 210 01 എന്നാക്കി പരിഷ്ക്കരിക്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 15.09.2023-ലെ 9750/AcA12/2023/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം V, ഛേദം 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 09/23.07/25684/AD A3/4/2019/ADMIN – സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3 പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ ഗവ. ഉത്തരവുകൾ പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത്- സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്.**

1. G O(P) No.14/2023/HEDN Dated, 19/07/2023
   സ്വകാര്യ എയ്ഡഡ് കോളേജിൽ നിയമിതരാകുന്ന ഉദ്യോഗാർഥികൾക്ക് സർക്കാർ സർവീസിൽ നിഷ്കർഷിച്ചത് പോലെ പോലീസ് വെരിഫിക്കേഷൻ നടപ്പിലാക്കുന്നത് സംബന്ധിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

   പുറത്തെഴുത്ത് നം. 101223/AD A 3/2023/ADMIN തീയതി, 16/09/2023

2. സ.ഉ.(അച്ചടി)നം. 96/2023/ധന. തീയതി, 07/09/2023
   സംസ്ഥാന സർക്കാർ നേരിട്ട് നിയന്ത്രിക്കുന്ന ജനറൽ പ്രൊവിഡന്റ് ഫണ്ടിലും മറ്റ് സമാന പ്രൊവിഡന്റ് ഫണ്ടിലുമുള്ള നിക്ഷേപങ്ങൾക്ക് 2023 ജൂലൈ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലയളവിലേക്ക് പലിശ നിരക്ക് 7.1% ആയി നിശ്ചയിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

   പുറത്തെഴുത്ത് നം. 114432/AD A3 -4/2023/AD A3 തീയതി, 19/09/2023

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ മേൽ ഉത്തരവുകൾ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച പുറത്തെഴുത്തുകളും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 10/23.07/49845/AD A9-3/2022/AD A 9 –സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് - 2021 - 22 വർഷത്തെ അന്തർ കലാലയ/സർവ്വകലാശാലാ കായിക മത്സരങ്ങളുടെ നടത്തിപ്പിനായി നാലാം ഗഡു തുക 28,00,000/-രൂപ (ഇരുപത്തിയെട്ടു ലക്ഷം രൂപാ മാത്രം) SPESS ഡയറക്ടർ, ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ, മഹാത്മാ ഗാന്ധി സർവകലാശാല ആക്ട്, 1985 ചാപ്റ്റർ III സെക്ഷൻ 10 (17) പ്രകാരം അനുവദിച്ചത് – സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച് :-**

2021-22 ലെ അന്തർ കലാലയ/സർവ്വകലാശാലാ കായിക മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനായി നാലാം ഗഡു തുക 28,00,000/- രൂപ (ഇരുപത്തിയെട്ടു ലക്ഷം രൂപ മാത്രം) സ്പെസ്സ് ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം മുൻകൂർ തുകയായി അനുവദിച്ച് വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 30.03.2022-ലെ 3243/ADA5/2022എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 11/23.07/96999/P&D 2-1/2023 മഹാത്മാഗാന്ധി സർവ്വകലാശാലയും കോട്ടയം തെള്ളകത്തുള്ള Caritas Hospital Trust - ഉം തമ്മിൽ ധാരണാപത്രം (MoA) ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായത്- സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്.**

Dr. N. Radhakrishnan Foundation for Research on Venous Diseases-ന്റെ ധനസഹായം മുഖേന "Molecular investigation on anomalies in the biosynthesis of structural proteins and epigenetic factors in chronic venous diseases" എന്ന Research Project നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി സർവ്വകലാശാലയും കോട്ടയം തെള്ളകത്ത് സ്ഥിതി ചെയ്യുന്ന Caritas Hospital - ഉം

തമ്മിൽ ധാരണാപത്രം (MoA) ഒപ്പിടുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 16.09.2023 തീയതിയിലെ 9768/P&D2/2023/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| | |
|---|---|
| **ഇനംനമ്പർ 12/23.07/75261/P&D 2-1/2023** | **മഹാത്മാഗാന്ധി സർവ്വകലാശാലയും തൃശ്ശൂർ ആസ്ഥാനമായുള്ള ATIDHI Clinic LLP യും തമ്മിൽ ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.** |

School of Behavioural Sciences-ന് ഡിസബിലിറ്റി റീഹാബിലിറ്റേഷൻ, ഗവേഷണ മേഖലകളിൽ വിവിധ സർക്കാരേതര ഏജൻസികളുമായി കരാറിലേർപ്പെടുന്നതിന്റെ ഭാഗമായി സർവ്വകലാശാലയും തൃശ്ശൂർ ആസ്ഥാനമായുള്ള Atidhi Clinic LLP എന്ന സ്ഥാപനവുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 19.09.2023 തീയതിയിലെ 9842/P&D2/2023/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| | |
|---|---|
| **ഇനംനമ്പർ 13/23.07/98460/DSS 1/2022** | **ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡൻറ് സർവ്വീസസ് മഹാത്മാഗാന്ധി സർവകലാശാല യുവജനോത്സവ നിയമാവലി പരിഷ്കരണത്തിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി കമ്മിറ്റി രൂപീകരിക്കുന്നതിന് - ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായത് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.-** |

കലോത്സവ നിയമാവലി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 05.08.2023 തീയതിയിലെ യു.ഒ.നം:8711/DSS/2023/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

1. Dr. R. Anitha, Member syndicate - Convener
2. Justin Joseph, Member Syndicate
3. Abraham K Samuel, DSS
4. Dr. Biju MK, Associate Professor, SMBS
5. Dr. MS Murali, Associate Professor, Dept of Malayalam, Maharajas College Ernakulam
6. Ginisha Rajan, Chairperson MG University Union.

**ഇനംനമ്പർ 14/23.07/4553/AD A1/3/2018** **സർവ്വകലാശാലയിലെ അസിസ്റ്റന്റ്/കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ 01.09.2023 വരെയുള്ള ഒഴിവുകൾ പി.എസ്.സി-യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി (സ്റ്റാഫ്)-യുടെ ശുപാർശ – മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, സെക്ഷൻ 3.10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾ പി എസ് സി യിലേക്ക് റിപ്പോർട്ട് ചെയ്തത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

സർവ്വകലാശാലയിൽ 01.09.2023 വരെയുള്ള അസിസ്റ്റൻറ്/കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന് 23.09.2023-ൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി (സ്റ്റാഫ്) ശുപാർശ ചെയ്തു. മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം ടി ശുപാർശ അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 26.09.2023 തീയതിയായ 10145/AD A1/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 15/23.07/113873/FO SECTION-ASSISTANT1/2023** **സർവകലാശാല ബജറ്റ് 2023-24 – സാമ്പത്തിക വർഷത്തേക്ക് സംസ്ഥാന സർക്കാരിൽ നിന്നും സർവകലാശാലയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതി ഇനത്തിൽപ്പെട്ട ചിലവിനങ്ങൾക്കനുസൃതമായി സർവകലാശാലാ വാർഷിക ബജറ്റിൽ മാറ്റങ്ങൾ വരുത്തൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച് :**

സംസ്ഥാന സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുള്ള ഇനത്തിൽപ്പെട്ട ചെലവിനങ്ങൾക്ക് അനുസൃതമായി നടപ്പ് സാമ്പത്തിക വർഷത്തെ ചുവടെ നൽകിയിരിക്കുന്ന ബജറ്റ് ശീർഷകത്തിൽ പേരിൽ മാറ്റം വരുത്തുന്നതിനും അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനും, വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ: ഇൻ ചാർജ്, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം ഉത്തരവായിനും.

| Budget Code | Account Head | Current Budget Estimate | Revised Budget Estimate |
|---|---|---|---|
| 21 403 83 | Resource Development of the University Library - Procurement of Books , Journals & e-Journals | ₹2,12,00,000 | ₹2,19,32,000 |

വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫ: ഇൻ ചാർജ്-ന്റെ മേൽ നടപടിയും തദനുസരണം പുറപ്പെടുവിച്ച 27.09.2023 തീയതിയിലെ 10172/FO Section/2023/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

## (b) സിൻഡിക്കേറ്റിലേക്കുള്ള റിപ്പോർട്ട് (മറ്റിനം)

**ഇനംനമ്പർ 16/23.07/111414/AC B2-2/2023/AC B 2** **– സ്വകാര്യ എയ്ഡഡ് കോളേജുകൾ – സേക്രഡ് ഹാർട്ട് കോളേജ്, തേവര – പുതിയ മാനേജരെ നിയമിച്ചത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്:**

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള തേവര സേക്രഡ് ഹാർട്ട് കോളേജ് (ഓട്ടോണമസ്) – ന്റെ പുതിയ മാനേജർ ആയി ഫാ. വർഗീസ് കാച്ചപ്പിള്ളി സി.എം.ഐ 01.07.2023 മുതൽ ചുമതലയേറ്റ വിവരം സർവകലാശാലയെ അറിയിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം VIII, സെക്ഷൻ 56(2) ഇപ്രകാരം പ്രതിപാദിക്കുന്നു, " The appointment or removal of the manager shall be intimated to the University by the unitary management or the corporate management, as the case may be". കൂടാതെ, മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 23, സ്റ്റാറ്റ്യൂട്ട് 19(2) ഇപ്രകാരം പ്രതിപാദിക്കുന്നു, "All changes in the membership of the Governing Body or the Managing council and all appointments, transfers, promotions, demotions or dismissals of teachers of the colleges with name, qualification and designation shall forthwith be reported to the Syndicate." മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം VIII, സെക്ഷൻ 54 (2) ൽ പ്രൈവറ്റ് കോളേജുകളിലെ മാനേജർ, ഗവേണിംഗ് ബോഡിയുടെ ചെയർമാൻ ആണെന്ന് പരാമർശിക്കുന്നുണ്ട്.

പ്രസ്തുത വിഷയം വിഷയം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

ഇനംനമ്പർ 17/23.07/51767/AC A1-2/2023

**സർക്കാർ ഉത്തരവ് പ്രകാരം വിദ്യാർത്ഥിനികൾക്ക് അനുവദിച്ചിട്ടുള്ള ആർത്തവ അവധി 'വിദ്യാർത്ഥിനികൾക്കായുള്ള സ്പെഷ്യൽ ലീവ്' എന്ന് പുനഃ നാമകരണം ചെയ്യുന്നത് - ഹാജർ നിലയ്ക്ക് ആനുപാതികമായി വിദ്യാർത്ഥിനികൾക്ക് ഇന്റേണൽ മാർക്ക് അനുവദിക്കുന്നത് - ടി വിഷയത്തിലെ അക്കാദമിക് കൗൺസിൽ തീരുമാനവും - തദനുസരണം പുറപ്പെടുവിച്ച സർവകലാശാല ഉത്തരവും സിൻഡിക്കേറ്റിന്റെ പരിഗണക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് :-**

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർവ്വകലാശാലയിലെയും വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി അനുവദിച്ചുകൊണ്ടും അറ്റന്റൻസിനുള്ള പരിധി വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി ഉൾപ്പെടെ 73 ശതമാനമാക്കി നിശ്ചയിച്ചുകൊണ്ടും 18 വയസ്സ് കഴിഞ്ഞ വിദ്യാർത്ഥിനികൾക്ക് പരമാവധി 60 ദിവസം വരെ പ്രസവാവധി അനുവദിച്ചുകൊണ്ടും പുറപ്പെടുവിച്ചിട്ടുള്ള സ.ഉ (കൈ)നം. 33/2023/HEDN തീയതി, 19.01.2023 എന്ന സർക്കാർ ഉത്തരവ് നമ്പർ.6524/ACA1/2023/ എം.ജി.യു തീയതി,12.06.2023 എന്ന ഉത്തരവിലൂടെ സർവ്വകലാശാലയിൽ നടപ്പിലാക്കിയിരുന്നു.

സ.ഉ (കൈ)നം. 33/2023/HEDN തീയതി, 19.01.2023 സർക്കാർ ഉത്തരവിൽ ഹാജർ നിലയിലെ ഇളവ് മാത്രമേ പ്രതിപാദിക്കുന്നുള്ളൂ എന്നും ആയതിനാൽ ഹാജർ നിലയിൽ നൽകിയിരിക്കുന്ന ഇളവിനനുസരിച്ച് ഇന്റേണൽ മാർക്കനുവദിക്കുന്നതിനുള്ള ഹാജർ നിലയ്ക്കും മാറ്റം വരുത്തണമെന്നും 'ആർത്തവ അവധി' പുനഃ നാമകരണം ചെയ്യണമെന്നും ആവശ്യപ്പെട്ട് കൊണ്ട് ഹരിത കേരള സ്റ്റേറ്റ് കമ്മിറ്റി പ്രസിഡന്റ് / സെക്രട്ടറി ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി മുൻപാകെ സമർപ്പിച്ച 27.01.2023 തീയതി കത്ത് പ്രകാരം സമർപ്പിച്ച നിവേദനത്തിന്മേൽ നമ്പർ. E3/61/2023- HEDN തീയതി, 26.04.2023 പ്രകാരം സർക്കാർ സർവ്വകലാശാലയോട് നിന്ന് റിപ്പോർട്ട് തേടിയിരുന്നു.

13.09.2023-ന കൂടിയ അക്കാദമിക് കൗൺസിൽ യോഗം വിഷയം പരിഗണിക്കുകയും മിനിട്സ് ഇനം നം.22/51767/AC A1/2/2023. പ്രകാരം,

"വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി ഉൾപ്പെടെ ഹാജർ നിലയിൽ നൽകിയ 2% ഇളവ് ഇന്റേണൽ മാർക്കിന് പരിഗണിക്കുന്ന സ്ലാബുകളിലും (2% വീതം) താഴെ പറയും പ്രകാരം അനുവദിക്കുന്നതിനും 2023-2024 അദ്ധ്യയന വർഷത്തിലെ 1,3,5 മുതലായ സെമസ്റ്ററുകളിലെ വിദ്യാർത്ഥിനികൾക്ക് മുതൽ അനുവദിക്കുന്നതിനും ഇത്തരത്തിൽ വിദ്യാർത്ഥിനികൾക്ക് അനുവദിക്കുന്ന അവധിയെ ഇനിമുതൽ "വിദ്യാർത്ഥിനികൾക്കായുള്ള സ്പെഷ്യൽ ലീവ് " എന്ന് കണക്കാക്കുന്നതിന് തീരുമാനികുകയും ചെയ്തു.

75%-80%- ഒരു മാർക്ക് എന്നതിന് പകരം 73%-78% - ഒരു മാർക്ക്

80%-85%- രണ്ട് മാർക്ക് എന്നതിന് പകരം 78%-83% - രണ്ട് മാർക്ക്

85%-90%- മൂന്ന് മാർക്ക് എന്നതിന് പകരം 83%-88% - മൂന്ന് മാർക്ക്

90%-95%- നാല് മാർക്ക് എന്നതിന് പകരം 88%-93% - നാല് മാർക്ക്

95% മുകളിലേക്ക് അഞ്ച് മാർക്ക് എന്നതിന് പകരം 93 % മുകളിലേക്ക് അഞ്ച് മാർക്ക്.

തദനുസരണം, നമ്പർ.10426/ACA1/2023/ എം.ജി.യു തീയതി,07.10.2023 ആയ സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അക്കാഡമിക് കൗൺസിൽ തീരുമാനവും തദനുസരണം പുറപ്പെടിച്ച ഉത്തരവും (നമ്പർ.10426/ACA1/2023/ എം.ജി.യു തീയതി,07.10.2023) MGU Statutes 1997 Chapter 39(3) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

## III. ക്രമ ഇനങ്ങൾ

### (i) മുൻ  ഇനങ്ങൾ

ഇനംനമ്പർ. 137/23.02/165119/AC A6-2/2022

**പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് റെഗുലേഷനിൽ ഭേദഗതി വരുത്തി പുതുക്കിയ തുക, ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ച തീയതിയിൽ സർവ്വകലാശാലയിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിലേർപ്പെട്ടിരുന്ന വർക്ക്, അവർ ഗവേഷണത്തിന് ചേർന്നപ്പോൾ മുതൽ മുൻകാല പ്രാബല്യത്തോടെ അനുവദിക്കുന്നത് പരിശോധിക്കുന്നതിനും ഉത്തരവിന് പ്രാബല്യം നൽകേണ്ട തീയതിയും ബാധകമാക്കേണ്ട പി.ഡി.എഫ് ബാച്ചുകൾ ഏതൊക്കെയെന്ന് വ്യക്തത വരുത്തുന്നതും സംബന്ധിച്ച്:-**

പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് തുക വർദ്ധിപ്പിച്ചുകൊണ്ടുള്ള 20.08.2022-ലെ സ.ഉ.നമ്പർ..8688/ACA 6/ 2022/എം.ജി.യു. നമ്പർ സർവ്വകലാശാലാ ഉത്തരവിന് ടി ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകുന്നതിനും, മുൻകാല പ്രാബല്യത്തോടെ ഫെലോഷിപ്പ് തുക ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ നിരസിക്കുന്നതിനും  തീരുമാനിച്ചു.

ഇനംനമ്പർ. OA 29/23.04/73288/AC A5-1/2023/SBES

**മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സ്കൂൾ ഓഫ് ബിഹേവിയർ സയൻസസിൽ നടത്തിയിരുന്ന 'മാസ്റ്റേഴ്സ് ഡിപ്ലോമ ഇൻ കൗൺസലിങ്ങ് സൈക്കോളജി' കോഴ്സിന്റെ സിലബസ് പരിഷ്കരിച്ച് 'Post Masters Diploma in Counselling Psychology' എന്ന പുതിയ കോഴ്സായി നടത്തുന്നതിന് അനുമതി തേടികൊണ്ടുള്ള വകുപ്പ് മേധാവിയുടെ അപേക്ഷ - സിന്‍ഡിക്കേറ്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച് .**

Post Masters Diploma എന്ന തരത്തിൽ പേരുള്ള കോഴ്സുകൾ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നടക്കുന്നുണ്ടോ എന്നും സമാനമായ സാഹചര്യത്തിൽ ഇത്തരത്തിൽ നാമകരണം ചെയ്യപ്പെട്ട മറ്റ് ഏതെങ്കിലും കോഴ്സുകൾ ഉണ്ടോ എന്ന് പരിശോധിച്ച് വിശദീകരണം നൽകുവാൻ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ് ഡിപ്പാർട്ട്മെന്റിനോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

### (ii) നടപ്പ് ഇനങ്ങൾ

ഇനംനമ്പർ 18/23.07/85172/AC A10-4/2023

**മഹാത്മാഗാന്ധി സർവകലാശാലയിൽ 2023 വർഷത്തെ പി.എച്ച്.ഡി പ്രവേശനവുമായി ബന്ധപ്പെട്ട പുറപ്പെടുവിച്ച 2023 ജൂൺ 30 തീയതിയിലെ വിജ്ഞാപനത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് AKRSA പ്രതിനിധി ശ്രീ. അശ്വിൻ രാജൻ വർഗീസ് സമർപ്പിച്ച പരാതി സംബന്ധിച്ച്.**

യു.ജി.സി. പി.എച്ച്.ഡി. റഗുലേഷൻ 2022-നെ അടിസ്ഥാനപ്പെടുത്തിയാണ് അപേക്ഷയിൽ ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളത്, എന്നാൽ, യു.ജി.സി. റഗുലേഷൻ 2022 മഹാത്മാഗാന്ധി സർവകലാശാലയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഇതേവരെ പൂർത്തിയായിട്ടില്ല. ആയതിനാൽ, 2023 വർഷത്തെ പി.എച്ച്.ഡി. രജിസ്ട്രേഷനായുള്ള നോട്ടിഫിക്കേഷൻ സംബന്ധിച്ച് ഓൾ കേരള റിസേർച്ച് സ്കോളേഴ്സ് അസോസിയേഷൻ സമർപ്പിച്ച പരാതിയിൽ തുടർനടപടികൾ ആവശ്യമില്ല എന്നും, മേൽ വിവരങ്ങൾ ഉൾപ്പെടുത്തി മേൽ പരാതിക്ക് മറുപടി നൽകുന്നതിനും തീരുമാനിച്ചു.

ഇനംനമ്പർ 19/23.07/32514/AC A6-3/2023

**കുട്ടിക്കാനം മരിയൻ കോളേജിലെ സ്കൂൾ ഓഫ് സോഷ്യൽ വർക്ക്-ലെ ബിരുദാനന്തരബിരുദ സോഷ്യൽ വർക്ക് (Self Financing) വിഭാഗത്തിൻറെ ഗവേഷണ കേന്ദ്രപദവി പുനരുജ്ജീവിപ്പിക്കുന്നതിന് നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

Resolved to constitute an inspection Commission comprising Dr. Sudhakaran K.M., Member Syndicate as convenor and Anish K R, Department of Social Work, Rajagiri College of Social Sciences as Subject expert to inspect the center and submit the report.

ഇനംനമ്പർ 20/23.07/Ac AVI/1/88711 /RG/611/2023

**കോട്ടയം, സി.എം.എസ്. കോളേജിലെ സോഷ്യോളജി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. സിബിൻ മാത്യു മേടയിൽ (Dr. Sibin Mathew Medayil) എം. ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:-**

Resolved to approve Dr. Sibin Mathew Medayil, Assistant Professor in Sociology, CMS College, Kottayam as research guide in Sociology at the post Graduate/Research department of Sociology, CMS College, Kottayam.

ഇനംനമ്പർ 21/23.07/33237/AC A2-1/2023

**ഗവേഷണം – ഇംഗ്ലീഷ് വിഷയം – 2015 അഡ്മിഷൻ – ശ്രീമതി. അന്ന കൊച്ചു ത്രേസ്യ, ശ്രീ. അൽഫോൻസ് അഗസ്റ്റിൻ – ഗവേഷണ കാലയളവിൽ ഗവേഷകർക്ക് നേരിടേണ്ടി വന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള പരാതികൾ സംബന്ധിച്ച്**

ശ്രീമതി. അന്ന കൊച്ചു ത്രേസ്യ, ശ്രീ. അൽഫോൻസ് അഗസ്റ്റിൻ എന്നീ ഗവേഷകർക്ക് ഗവേഷണ കാലയളവിൽ നേരിടേണ്ടി വന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള പരാതി വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റംഗങ്ങളായ ഡോ. ബി. കേരളവർമ്മ, ഡോ. ആർ. അനിത എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 22/23.07/82808/AC A6-1/2023

**തൃക്കാക്കര ഭാരത മാതാ കോളേജിലെ സുവോളജി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. സിമി ജോസഫ് പി. (Dr. Simi Joseph P.) തേവര എസ്. എച്ച്. കോളേജിലെ ബിരുദാനന്തര ബിരുദ സുവോളജി ഡിപ്പാർട്ട്മെൻറിൽ/ഗവേഷണകേന്ദ്രത്തിൽ സുവോളജിയിൽ റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

Resolved to approve Dr. Simi Joseph P., Assistant Professor in Zoology, Bharath Matha College, Thrikkakara as research guide in Zoology at the post Graduate/Research department of Zoology, SH College, Thevara

**ഇനംനമ്പർ 23/23.07/10286/AC A2-2/2023** **ഗവേഷണ വിഷയം മലയാളം - 2011 പ്രവേശന വർഷം - ശ്രീമതി പാർവതി പി. ചന്ദ്രൻ - മുടങ്ങിപ്പോയ ഗവേഷണം തുടരുന്നതിനുള്ള അനുമതിക്കും ഗവേഷണ മാർഗ്ഗദർശ്ശി ഡോ. ബീനാമ്മ മാത്യു ൽ നിന്ന് ഡോ. ഹരികുമാർ എസ് ലേക്കും ഗവേഷണ കേന്ദ്രം മൂവാറ്റുപുഴ നിർമല കോളേജിൽ നിന്ന് സ്കൂൾ ഓഫ് ലെറ്റേഴ്സ്, എം ജി സർവ്വകലാശാലയിലേക്ക് മാറ്റി അനുവദിക്കുന്നതിനും മുടങ്ങിപ്പോയ അർദ്ധ വാർഷിക പുരോഗതി റിപ്പോർട്ടുകൾ പുതിയ മാർഗ്ഗദർശ്ശിയുടെ ഒപ്പോടു കൂടി സമർപ്പിക്കുന്നതിനും അനുവദിക്കുന്നത് സംബന്ധിച്ച്**

അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 24/23.07/11200/AC A13-2/2023** **ശ്രീമതി ടെസ്സിമോൾ ചാക്കോ - 2022 Ph.D. പ്രവേശനത്തിനായി ബഹു വൈസ് ചാൻസലർക്ക സമർപ്പിച്ച അപേക്ഷ സംബന്ധിച്ച - സിൻഡിക്കേറ്റ് അന്വേഷണ കമ്മീഷൻ റിപ്പോർട്ട്**

അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 25/23.07/5274/EB 14/1/2020** **തിരുത്തൽ വരുത്തിയ പ്രബന്ധം സമർപ്പിക്കുന്നതിനുള്ള അനുമതിക്കായി ശ്രീ. ഉണ്ണികൃഷ്ണൻ ടി. എസ്. സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

2010/12 PhD റഗുലേഷനിൽ, തിരുത്തൽ വരുത്തിയ പ്രബന്ധം സമർപ്പിക്കുന്നതിനുള്ള പരമാവധി സമയം എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തിരുത്തൽ വരുത്തിയ പ്രബന്ധം ഉത്തരവാകുന്ന തീയതി മുതൽ രണ്ടു മാസത്തിനുള്ളിൽ സമർപ്പിക്കുന്നതിന് ഗവേഷകന് അവസരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 26/23.07/18136/AC A13-3/2023** **ശ്രീ സുജിത് സുന്ദരൻ - പൊളിറ്റിക്സ് ആൻഡ് ഇന്റർനാഷണൽ റിലേഷൻസ് - 2010-11 അഡ്മിഷൻ - ഗവേഷണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതും ഫീസിളവ് നൽകുന്നതും സംബന്ധിച്ച്.**

Resolved to constitute an inspection Commission with Dr. Babu Michael, Member syndicate to inspect the matter in detail and submit the report.

**ഇനംനമ്പർ 27/23.07/ Ac A XV/2/2023 (EBX(2)/P.hD/12/2016) ശ്രീമതി.ചാന്ദിജി സേവ്യറുടെ പിഎച്ച്.ഡി. ഗവേഷണ പ്രബന്ധം - മൂന്നാമത് സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട അന്വേഷണകമ്മീഷന്റെ റിപ്പോർട്ട്, സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത് സംബന്ധിച്ച് :-**

അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 28/23.07/Ac AVI/1/RG/155/2023** **കുറവിലങ്ങാട്, ദേവ മാതാ കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ദീപാ തോമസ് (Dr. Deepa Thomas) എം. ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്:-**

Resolved to approve Dr. Deepa Thomas, Assistant Professor in English, Deva Matha College, Kuravilangad as research guide in English at the Post Graduate/Research department of English, Deva Matha College, Kuravilangad

| | |
|---|---|
| **ഇനംനമ്പർ 29/23.07/ Ac AVI/1/RG/3882/2022** | **ആലുവ, സെൻറ് സേവിയേഴ്സ് കോളേജ് ഫോർ വിമെനിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായ Dr. Stella K. A എം. ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:–** |

Resolved to approve Dr. Stella K. A., Assistant Professor in Chemistry, St. Xaviers College for Women, Aluva as Research Guide in Chemistry at the Post Graduate/Research Department of Chemistry, St. Albert's College, Ernakulam.

| | |
|---|---|
| **ഇനംനമ്പർ 30/23.07/175117/AC A6-1/2022** | **എറണാകുളം, സെൻറ് തെരേസാസ് കോളേജിലെ ഹോം സയൻസ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ Dr. Rashmi H Poojara എം. ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:–** |

Resolved to approve Dr. Rashmi H Poojara, Assistant Professor in Home Science, St. Teresa's College, Ernakulam as Research Guide in Home Science at the Post Graduate/Research Department of Home Science, St. Teresa's College, Ernakulam.

| | |
|---|---|
| **ഇനംനമ്പർ 31/23.07/ Ac AVI/1/RG/109/2023** | **പത്തനംതിട്ട, കാത്തോലിക്കേറ്റ് കോളേജിലെ ഫിസിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ.ജോർജ് തോമസ് (Dr .George Thomas ) എം. ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:–** |

Resolved to approve Dr. George Thomas, Assistant Professor in Physics, Catholicate College, Pathanamthitta as Research Guide in Physics at the Post Graduate/Research Department of Physics, Catholicate College, Pathanamthitta.

| | |
|---|---|
| **ഇനംനമ്പർ 32/23.07/48415/AC A6-1/2023** | **എറണാകുളം മഹാരാജാസ് കോളേജിലെ അറബിക് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. നൗഷാദ് പി. എം. (Dr. Noushad P. M.) റിസർച്ച് ഗൈഡായി എം. ജി. സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.** |

Resolved to approve Dr. Noushad P M, Assistant Professor in Arabic, Maharaja's College, Ernakulam as Research Guide in Arabic Language and Literature at the Post Graduate/Research Department of Arabic, Maharaja's College, Ernakulam.

| | |
|---|---|
| **ഇനംനമ്പർ 33/23.07/60090/AC A6-1/2023** | **പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ ഹിസ്റ്ററി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. സ്മിത സാറാ പടിയറ (Dr. Smitha Sara Padiyara) റിസർച്ച് ഗൈഡായി എം. ജി. സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.** |

Resolved to approve Dr. Smitha Sara Padiyara, Assistant Professor in History, Catholicate College, Pathanamthitta as Research Guide in History at the Post Graduate/Research Department of History, Catholicate College, Pathanamthitta.

**ഇനംനമ്പർ 34/23.07/230016 (25982/ACA10-1/2023/ACA10)21.09.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി – ഗവേഷണവും വികസനവും –ന്റെ യോഗനടപടിക്രമം**

O A 01 — Smt. Susan Bincy Andrews ഗവേഷണ മാർഗദർശി, ഗവേഷണ കേന്ദ്രം എന്നിവ മാറ്റി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ – അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച് :-

അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു..

**ഇനംനമ്പർ 35/23.07/129733/AD A1-1/2022 – ശ്രീ. വിഷ്ണു വിജയൻ റ്റി. വി., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ – അനധികൃതമായി ജോലിക്ക് ഹാജരാകാത്തത് – അന്വേഷണ റിപ്പോർട്ട് സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത് – സംബന്ധിച്ച്.**

സ.ഉ.നമ്പർ. 6732/Ad A1/2023/എം.ജി.യു. തീയതി 16.06.2023 പ്രകാരം രൂപീകരിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽ ശ്രീ. വിഷ്ണു വിജയൻ, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഗുരുതരവീഴ്ച വരുത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 4, പാർട്ട് III, സ്റ്റാറ്റ്യൂട്ട് 35 A (iii) പ്രകാരമുള്ള ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിനും, ടി ശിക്ഷാനടപടികൾക്ക് വിധേയമായി ടിയാനെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 36/23.07/13967/AD A1/4/VC SECTION – ശ്രീ രാജേന്ദ്രൻ പിള്ള എൻ., അസിസ്റ്റന്റ് രജിസ്ട്രാർക്ക് പേഴ്സണൽ സ്റ്റാഫിനുള്ള പ്രത്യേക ബത്ത അനുവദിക്കുന്നത് സംബന്ധിച്ച്.**

രജിസ്ട്രാറുടെ സെക്ഷനിൽ അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽ സേവനമനുഷ്ഠിച്ച ശ്രീ രാജേന്ദ്രൻപിള്ള എൻ.-ന് 01.09.2022 മുതൽ 31.05.2023 വരെയുള്ള കാലയളവിലെ സേവനത്തിന് ടി സെക്ഷനിലെ പേഴ്സണൽ സ്റ്റാഫിനുള്ള പ്രത്യേക ബത്ത അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 37/23.07/109269/AD A3-4/2023 – പ്രത്യേക ആകസ്മികാവധി കാലഘട്ടം ആർജിത അവധിക്ക് പരിഗണിക്കുന്നത് സംബന്ധിച്ച്.**

Kerala Service Rules, Section II, Appendix VII, Part I പ്രകാരം special casual ലീവിലായിരിക്കുന്ന കാലഘട്ടം ആർജിത അവധിക്ക് പരിഗണിക്കുന്നതല്ല എന്ന് സ്പഷ്ടീകരണം നൽകികൊണ്ടുള്ള G.O(P) No.17/2022/Fin, 15/02/2022 സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 38/23.07/73372/AC A1-2/2020 രക്തദാനം നൽകുന്ന വിദ്യാർത്ഥികൾക്ക് അതേ ദിവസം അവധി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് :-**

രക്തദാനം നൽകുന്ന വിദ്യാർത്ഥികൾക്ക് രക്തദാനം നൽകുന്ന ദിവസം അവധിയും ഹാജരും അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 39/23.07/17970/AC A3-1/2023 Smt. Nair Sreelekshmi Ramachandran, M.Sc Biotechnology, PRN 190011012156, St. Mary's College for Women, Paliakara, Thiruvalla എന്ന വിദ്യാർത്ഥിനി 4th സെമസ്റ്ററിലേക്ക് റീ-അഡ്മിഷൻ ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്:-**

Smt. Nair Sreelekshmi Ramachandran, ആരോഗ്യപരമായ കാരണങ്ങൾ മൂലമാണ് മുൻപ് കോഴ്സ് discontinue ചെയ്തതെന്നും അസുഖം ഭേദമാകുന്നതിനായി രണ്ട് വർഷത്തോളം വീട്ടിൽ കഴിയേണ്ടി വന്നതിനാലും പി.ജി. പൂർത്തിയാക്കുന്നതിന് 4th semester കൂടി മാത്രമേ ഉള്ളൂവെന്നതിനാലും, ടി

വിദ്യാർത്ഥിനി treatment പൂർത്തിയാക്കി മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതുകൊണ്ടും, ടി വിദ്യാർത്ഥിനിക്ക് M. Sc. Biotechnologyയുടെ 4th Semesterലേക്ക് റീ അഡ്മിഷൻ നൽകുവാൻ തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 40/23.07/82379/EI 38-2/2022** | **സ്വയംഭരണ കോളേജായ എറണാകുളം സെന്റ്. ആൽബർട്സ് കോളേജിലെ M.Sc. Space Science & Technology പ്രോഗ്രാമിലേക്ക് 2021-'22 അധ്യയന വർഷം പ്രവേശനം നൽകിയ 3 വിദ്യാർത്ഥിനികളുടെ പ്രവേശനം ക്രമപ്പെടുത്തേണ്ടതില്ല എന്ന അക്കാദമിക് കൗൺസിൽ തീരുമാനം പുനഃപരിശോധിക്കുന്നതിനു കോളേജ് സമർപ്പിച്ച അപേക്ഷ – സിൻഡിക്കേറ്റ് പരിശോധനാ സമിതി ശുപാർശ പരിഗണിക്കുന്നത് സംബന്ധിച്ച്.** |

പരിശോധനാസമിതി സമർപ്പിച്ച താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ച് നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചു.

(1) M.Sc. പ്രോഗ്രാമുകളുടെ അഡ്മിഷൻ മാനദണ്ഡമായ മിനിമം മാർക്ക് ഏകീകരിച്ച് ഉത്തരവ് ഇറക്കുന്നതിനും,

(2) 2019 റെഗുലേഷനിൽ M.Sc Space Science & Technology പ്രോഗ്രാം നേരിട്ട് നടത്താത്തതിനാൽ പട്ടികയിൽ നിന്ന് വിട്ടുപോയി എന്ന കോളേജിന്റെ വാദം അംഗീകരിക്കുവാനും,

(3) ഈ വിഷയത്തിൽ ഉൾപ്പെട്ട Fathimath Thansiha P.I., Aleena Avira, Devika Prasad എന്നീ വിദ്യാർത്ഥിനികൾക്ക് 2021-22 അക്കാദമിക വർഷത്തിൽ നൽകിയ അഡ്മിഷൻ റഗുലറൈസ് ചെയ്ത് നൽകുവാനും,

(4) M.Sc. Space Science & Technology കോഴ്സിന്റെ (Autonomous) മിനിമം പ്രവേശന യോഗ്യത 50% - ആയി നിജപ്പെടുത്തിക്കൊണ്ട് ഉത്തരവിറക്കാൻ വേണ്ട നടപടിക്രമങ്ങളിലേക്ക് കടക്കുവാൻ പ്രസ്തുത കോളേജിനോട് അപേക്ഷകൾ നൽകുവാൻ ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 41/23.07/112063/AC A5-3/2023** | **16.08.2023 തീയതി രാവിലെ 10.30 മണിയ്ക്ക് മിനി കോൺഫറൻസ് ഹാളിൽ നടന്ന ബോർഡ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ യോഗത്തിന്റെ നടപടിക്കുറിപ്പ് പ്രകാരമുള്ള ഇനം നമ്പർ 9,10 എന്നീ ശിപാർശകൾ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് :-** |

ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസിലെ മെഡൽ ജേതാക്കളായ വിദ്യാർത്ഥികൾക്കും പങ്കെടുത്ത വിദ്യാർത്ഥികൾക്കും ഇന്റർ യൂണിവേഴ്സിറ്റി ടൂർണമെന്റുകൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന അതേ രീതിയിൽ ഗ്രേസ് മാർക്ക് നൽകാവുന്നതാണോയെന്നും, 2023-2024 അധ്യയന വർഷം മുതൽ ഇന്റർ യൂണിവേഴ്സിറ്റി മത്സര വിജയികൾക്ക് തുല്യമായി ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ് വിജയികൾക്ക് മെറിറ്റ് അവാർഡ് നൽകാവുന്നതാണോയെന്നതും സംബന്ധിച്ച് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സിൻഡിക്കേറ്റംഗം ഡോ. ബിജു തോമസ്-നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 42/23.07/111059/AC A1-2/2023** | **പട്ടിക ജാതി/ പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗങ്ങളിൽ പെടുന്ന വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് - പട്ടിക ജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് പുറപ്പെടുവിച്ച, സ.ഉ (അച്ചടി)നം.2/2023/SCSTD തീയതി, 05.01.2023 - പിന്നാക്ക വിഭാഗ വികസന വകുപ്പ് പുറപ്പെടുവിച്ച, സ.ഉ (അച്ചടി)നം.1/2023/BCDD തീയതി, 23.03.2023- എന്നീ സർക്കാർ ഉത്തരവുകൾ സർവ്വകലാശാലയിൽ എൻഡോഴ്സ് ചെയ്യുന്നത്- സംബന്ധിച്ച് :-** |

സ.ഉ (അച്ചടി)നം.2/2023/SCSTD തീയതി: 05.01.2023, സ.ഉ (അച്ചടി)നം.1/2023/BCDD തീയതി: 23.03.2023 എന്നീ സർക്കാർ ഉത്തരവുകൾ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 43/23.07/230017 (104327/Ac A5-2/2021) -29.09.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി – അക്കാദമിക് അഫയേഴ്സ്-ന്റെ യോഗനടപടിക്രമം**

OA 1 – ഇന്ദിരാഗാന്ധി കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസസ്, നെല്ലിക്കുഴിയിൽ ബി.എസ്.സി. ഫിസിക്സ് മോഡൽ 1 വിദ്യാർത്ഥിയായിരുന്ന shiras Sharaf-ന്റെ കോളേജ് മാറ്റം സംബന്ധിച്ച് സ.ഉ. നമ്പർ 9846/Ac A5/2023/എം.ജി.യു. തീയതി 19.09.2023 പ്രകാരം നടത്തിയ ഹിയറിങ്ങിന്റെ റിപ്പോർട്ട്

സർവ്വകലാശാലയുടെ അനുമതിയില്ലാതെ നെല്ലിക്കുഴി, ഇന്ദിരാഗാന്ധി കോളേജിൽ പഠിച്ചിരുന്ന Shiras Sharaf എന്ന വിദ്യാർത്ഥിക്ക് 3-ാം സെമസ്റ്റർ മുതൽ അൽ അസ്ഹർ കോളേജിലേക്ക് ട്രാൻസ്ഫർ നൽകി കോഴ്സ് പൂർത്തീകരിച്ച്, കുട്ടിയുടെ Exams & Internal marks (3,4,5,6 Semesters) ഇന്ദിരാഗാന്ധി കോളേജിൽ നിന്ന് upload ചെയ്ത നടപടി, കുട്ടി B.Sc. Physics മോഡൽ I A Grade-ഓടെ വിജയകരമായി പൂർത്തിയാക്കി Higher Education-ന് നിൽക്കുന്നതിനാൽ, കോളേജിന്റെ ഭാഗത്തുനിന്നുണ്ടായ കുറ്റകരമായ അനാസ്ഥമൂലം സംഭവിച്ച വീഴ്ചയിൽ രണ്ട് കോളേജുകളിൽ നിന്നും Rs.25,000/- വീതം പിഴയായി ഈടാക്കുവാനും മേലിൽ ഇത്തരം അനാസ്ഥകൾ ആവർത്തിക്കുകയാണെങ്കിൽ അഫിലിയേഷൻ റദ്ദുചെയ്യുന്നതടക്കം ഗൗരവകരമായ നടപടിക്രമങ്ങൾ സർവ്വകലാശാലയ്ക്ക് ചെയ്യേണ്ടിവരുമെന്ന് താക്കീത് നൽകാനും തീരുമാനിച്ചു.

**ഇനംനമ്പർ 44/23.07/72127/AC A1-1/2022 അൽഫോൻസാ കോളേജ്, പാലാ – സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2022 -'23 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത്-സംബന്ധിച്ച് :-**

പാലാ, അൽഫോൻസാ കോളേജിൽ നടത്തുന്ന സ്വാശ്രയ കോഴ്സുകളുടെ താൽക്കാലിക അഫിലിയേഷൻ 2022-23 അദ്ധ്യയനവർഷം പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പരിശോധനാസമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, ടി കോളേജിലെ താഴെപ്പറയുന്ന സ്വാശ്രയ കോഴ്സുകളുടെ താൽക്കാലിക അഫിലിയേഷൻ 2022-23 അദ്ധ്യയനവർഷം പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

| Name of College | Course |
|---|---|
| Alphonsa College, Pala | • B.Sc Clinical Nutrition & Dietetics Model III<br>• B.Com Model I Finance and Taxation<br>• B.Voc Fashion Technology<br>• B.Voc Sports Nutrition and Physiotherapy<br>• M.A English<br>• M.Sc Chemistry<br>• M.Sc Clinical Nutrition and Dietetics |

**ഇനംനമ്പർ 45/23.07/52284/AC B7-1/2023 കുട്ടിക്കാനം ,മരിയൻ കോളേജ് (സ്വയം ഭരണം) – 2023-24 അക്കാദമിക വർഷം- സ്വാശ്രയ കോഴ്സുകളുടെ പ്രൊവിഷണൽ അഫിലിയേഷൻ നീട്ടി നൽകുന്നത് സംബന്ധിച്ച് :-**

സ്വയംഭരണ കോളേജായ കുട്ടിക്കാനം, മരിയൻ കോളേജ് താഴെപ്പറയുന്ന 12 സ്വാശ്രയ പ്രോഗ്രാമുകളുടെ പ്രൊവിഷണൽ അഫിലിയേഷൻ 2023-24 അക്കാദമിക വർഷം നീട്ടിനൽകുന്നതിലേക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ, ടി കോളേജിലെ പഠന ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സിൻഡിക്കേറ്റംഗം ഡോ. എ. ജോസ്-നെ പരിശോധനാ സമിതിയായി നിയോഗിക്കുന്നതിന് തീരുമാനിച്ചു.

| Sl No | Programme | Sanctioned Strength |
|---|---|---|
| 1 | B.A English Communication and Journalism | 40 |
| 2 | B.A Applied Economics | 30 |

| | | |
|---|---|---|
| 3 | B.Com | 50 |
| 4 | B.Com ( Addl Batch ) | 60 |
| 5 | B.S.W | 40 |
| 6 | B.Sc Mathematics | 30 |
| 7 | M.Com | 25 |
| 8 | M.Com (Addl Batch) | 30 |
| 9 | M.C.A | 60 |
| 10 | M.A Communication and Media Studies | 30 |
| 11 | M.S.W | 30 |
| 12 | M.B.A (3 Batches) | 180 |

**ഇനംനമ്പർ 46/23.07/13935/ACA1 SO/2019** **കോച്ചേരീസ് ഫൗണ്ടേഷൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.11777/2019 മേൽ പുറപ്പെടുവിച്ച വിധിന്യായം - സംബന്ധിച്ച്:-**

കോച്ചേരീസ് ഫൗണ്ടേഷൻ ചെയർമാൻ സമർപ്പിച്ച രജിസ്റ്റർ ചെയ്ത ലീസ് ലീഡ് ട്രസ്റ്റ് അംഗങ്ങൾ ഒപ്പിട്ട പുതിയ അപേക്ഷ എന്നിവ പരിഗണിച്ച് പുതിയ ലോ കോളേജ് ആരംഭിക്കുന്നതിന് അനുമതി നൽകാനാകുമോ എന്നത് സംബന്ധിച്ച് സർവ്വകലാശാല സ്റ്റാൻഡിംഗ് കോൺസിലിൽ നിന്ന് നിയമോപദേശം വാങ്ങി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 47/23.07/55418/AC A7-2/2023** **അൺ എയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ-MES M K Mackar Pillay College for Advanced Studies-M.Com Management and Information Technology (30 seat)-M.Com Finance and Taxation (30 seat) ലേക്ക് 2023-2024 അദ്ധ്യയനവർഷം മുതൽ ഓപ്ഷൻ മാറ്റത്തിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്:**

MES M K Mackar Pillay College for Advanced Studies 2023-2024 അദ്ധ്യയനവർഷം മുതൽ M.Com Management and Information Technology (30 seat) പ്രോഗ്രാം-M.Com Finance and Taxation (30 seat) പ്രോഗ്രാം-ലേക്ക് ഓപ്ഷൻ മാറ്റത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാസമിതി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും ടി കോളേജിലെ M.Com Management and Information Technology (30 seat) പ്രോഗ്രാം-M.Com Finance and Taxation (30 seat) പ്രോഗ്രാം-ലേക്ക് 2023-24 അദ്ധ്യയനവർഷം മുതൽ ഓപ്ഷൻ മാറ്റി അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 48/23.07/53724/AC A7-3/2023** **പൂഞ്ഞാർ, ശ്രീനാരായണ പരമഹംസ കോളേജ് ഓഫ് ആർട്സ് & സയൻസ് കോളേജിൻറെ പ്രവർത്തനം അവസാനിപ്പിയ്ക്കുന്നതിനായി സമർപ്പിച്ച അപേക്ഷ- പരിശോധന കമ്മീഷൻ റിപ്പോർട്ട് സിൻഡിക്കേറ്റില് സമർപ്പിക്കുന്നത് സംബന്ധിച്ച്-**

പൂഞ്ഞാർ, ശ്രീനാരായണ പരമഹംസ കോളേജ് ഓഫ് ആർട്സ് & സയൻസ് കോളേജിൻറെ പ്രവർത്തനം അവസാനിപ്പിയ്ക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിശോധിക്കുന്നതിനായി രൂപീകൃതമായ പരിശോധനാസമിതി സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച്, ടി കോളേജിന്റെ പ്രവർത്തനം 2023-24 അക്കാദമിക വർഷം മുതൽ അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 49/23.07/18508/AC A1-3/2020** **എടത്വാ, സെന്റ് അലോഷ്യസ് കോളേജിൽ സ്വാശ്രയ മേഖലയിൽ 30 സീറ്റുകളോടുകൂടി നടത്തപ്പെടുന്ന ബി. എസ് സി ഫിസിക്സ് മോഡൽ III ഇലക്ട്രോണിക്സ് എക്വിപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം 2021-2022 അധ്യയനവർഷം മുതൽ നിർത്തലാക്കി കൊണ്ട് 2021-2022 അധ്യയന വർഷം മുതൽ ബി. എസ് സി ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ മെയിന്റനൻസ് മോഡൽ III പ്രോഗ്രാം (സ്വാശ്രയം-30 സീറ്റ്) ആരംഭിക്കുന്നത് സംബന്ധിച്ച് :-**

എടത്വാ, സെന്റ് അലോഷ്യസ് കോളേജിൽ സ്വാശ്രയ മേഖലയിൽ നടത്തപ്പെടുന്ന ബി.എസ്.സി ഫിസിക്സ് മോഡൽ III ഇലക്ട്രോണിക്സ് എക്വിപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം (സ്വാശ്രയം-30 സീറ്റ്) നിർത്തലാക്കിക്കൊണ്ട് 2023-24 അധ്യയന വർഷം മുതൽ ബി.എസ്.സി ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ മെയിന്റനൻസ് മോഡൽ III പ്രോഗ്രാം (സ്വാശ്രയം-30 സീറ്റ്) ആരംഭിക്കുമ്പോൾ മുൻപുണ്ടായിരുന്ന പ്രോഗ്രാമിന് ഉപയോഗിച്ചുകൊണ്ടിരുന്ന അടിസ്ഥാനസൗകര്യങ്ങൾ തന്നെ പുതിയ പ്രോഗ്രാമിനും ഉപയോഗിക്കാൻ സാധിക്കും എന്നതിനാൽ കോളേജുകൾക്ക് പുതിയ പ്രോഗ്രാം ആരംഭിക്കുവാൻ വേണ്ട പ്രാരംഭചെലവുകൾ ഒഴിവാക്കാൻ സാധിക്കുന്നതാണെന്നും കൂടാതെ സ്വാശ്രയ പ്രോഗ്രാമുകളുടെ നടത്തിപ്പിൽ സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ല എന്ന വസ്തുതയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ആയത് പരിഗണിച്ച് ഗവ. എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ പ്രോഗ്രാമുകൾ പുതുതായി അനുവദിക്കാത്ത സാഹചര്യത്തിൽ, എടത്വ, സെന്റ് അലോഷ്യസ് കോളേജിൽ സ്വാശ്രയ മേഖലയിൽ നടത്തപെടുന്ന ബി.എസ്.സി ഫിസിക്സ് മോഡൽ III ഇലക്ട്രോണിക്സ് എക്വിപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം നിർത്തലാക്കികൊണ്ട് ബി.എസ്.സി ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ മെയിന്റനൻസ് മോഡൽ III പ്രോഗ്രാം (സ്വാശ്രയം) ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം തേടുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 50/23.07/40462/AC A1-1/2020** **ശാന്തൻപാറ, ഗവ. കോളേജിന്റെ താത്ക്കാലിക അഫിലിയേഷൻ 2023 -2024, 2024-25 അദ്ധ്യയന വർഷത്തേയ്ക്ക് നീട്ടി നൽകുന്നത് സംബന്ധിച്ച് :-**

ശാന്തൻപാറ, ഗവ. കോളേജിന്റെ താത്ക്കാലിക അഫിലിയേഷൻ 2023 -2024, 2024-25 അദ്ധ്യയന വർഷത്തേക്ക് നീട്ടി നൽകുന്നതുമായി ബന്ധപ്പെട്ട് രൂപീകൃതമായ പരിശോധനാസമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും ടി കോളേജിന്റെ താൽക്കാലിക അഫിലിയേഷൻ 2023-24, 2024-25 എന്നീ അദ്ധ്യയനവർഷത്തിലേക്ക് നീട്ടിനൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 51/23.07/104225/AC A7-1/2023** **പ്രോഗ്രാമുകൾ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്-**

സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിലെ വിവിധ പ്രോഗ്രാമുകൾ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് താഴെപ്പട്ടികയിലുള്ള കോളേജുകളിലെ യു.ജി. /പി. ജി. പ്രോഗ്രാമുകൾ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

| Sl. No | Name of the College | Programme | Year of Ceasing |
|---|---|---|---|
| 1 | De - Paul Institute of Science & Technology, Angamaly | MA English (20) | 2024-2025 |
| 2 | Girideepam Institute of Advanced Learning, Vadavathoor | 1. B.A English M-II (Careers & Communication Skills) (40)<br>2. M.A. English Language & Literature (15) | 2023-2024 |

**ഇനംനമ്പർ 52/23.07/105683/AC A7-2/2023** **മരിയൻ ഇന്റർനാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മന്റ്, കുട്ടിക്കാനം-സ്ഥിരമായി കോളേജ് നിർത്തലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് :**

കുട്ടിക്കാനം, മരിയൻ ഇന്റർനാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മന്റ് സ്ഥിരമായി നിർത്തലാക്കുന്നതിനായി കോളേജിന്റെ വിദ്യാഭ്യാസ ഏജൻസിയായ പീരുമേട് ഡെവലപ്മെന്റ്

സൊസൈറ്റി സമർപ്പിച്ച അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സിൻഡിക്കേറ്റംഗം ഡോ. എ. ജോസ്-നെ പരിശോധനാസമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 53/23.07/72022/AC B7-2/2023** — **സ്വയംഭരണ കോളേജായ എറണാകുളം സെന്റ്.തെരേസാസ് കോളേജിൽ നിലവിലുള്ള സ്വാശ്രയ പ്രോഗ്രാമുകൾ 2023-'24 അദ്ധ്യയന വർഷം മുതൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രിൻസിപ്പലിന്റെ അപേക്ഷ-സംബന്ധിച്ച് .**

സ്വയംഭരണ കോളേജായ എറണാകുളം സെന്റ് തെരേസാസ് കോളേജിൽ നിലവിലുള്ള സ്വാശ്രയ പ്രോഗ്രാമുകൾ 2023-24 അദ്ധ്യയനവർഷം മുതൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രിൻസിപ്പാളിന്റെ അപേക്ഷ പരിഗണിച്ച് ടി കോളേജിൽ ടി കോഴ്സുകൾ നടത്തുന്നതിനാവശ്യമായ പഠനഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റംഗം ഡോ. സിനി കുര്യൻ-നെ പരിശോധനാസമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 54/23.07/116259/AC A7-2/2023** — **അൺ എയ്ഡഡ് സെൽഫ് ഫിനാൻസിങ് കോളേജ്- KMEA College -2024-2025 അധ്യയന വർഷം മുതൽ- B.Com Finance & Taxation-Additional batch (60 seats) സ്ഥിരമായി നിർത്തലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്:**

KMEA College of Arts & Science, കുഴിവേലിപ്പടി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Com Finance & Taxation-Additional batch (60 seats) പ്രോഗ്രാം സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 55/23.07/110179/AC A1-1/2023** — **2024-'25 അദ്ധ്യയന വർഷത്തിൽ പുതിയ എയ്ഡഡ് പ്രോഗ്രാമുകൾ ആരംഭിയ്ക്കുന്നതിനായി മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജ്, അങ്കമാലി സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.**

എയ്ഡഡ് കോളേജുകളിൽ എയ്ഡഡ് പ്രോഗ്രാമുകൾ ആരംഭിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുന്ന വിഷയമായതിനാൽ മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജ്, അങ്കമാലി 2024-25 അദ്ധ്യയനവർഷം മുതൽ B.Sc Psychology Model I, Bachelor of Computer Applications (BCA) എന്നീ എയ്ഡഡ് പ്രോഗ്രാമുകൾ തുടങ്ങുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാരിൽ നിന്നും ആയതിനുള്ള അനുമതി വാങ്ങി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 56/23.07/6656/AC A7-1/2023** — **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ- ജവഹർലാൽ നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് ആൻഡ് സയൻസ്, ബാലഗ്രാം പി.ഓ., ഇടുക്കി - B.Com Model-II Finance and Taxation (60 seat) - B.Com Model-II Logistics Management (60 seat)-ലേക്ക് 2023-'24 അദ്ധ്യയനവർഷം മുതൽ ഓപ്ഷൻ മാറ്റത്തിനായി സമർപ്പിച്ച അപേക്ഷ സംബംന്ധിച്ച്:-**

ജവഹർലാൽ നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് ആൻഡ് സയൻസ്, ബാലഗ്രാം പി.ഓ., ഇടുക്കി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Com Model-II Finance and Taxation (60 seat) പ്രോഗ്രാം - B.Com Model-II Logistics Management (60 seat) പ്രോഗ്രാം)-ലേക്ക് 2023-'24 അദ്ധ്യയനവർഷം മുതൽ ഓപ്ഷൻ മാറ്റി അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 57/23.07/AC AIV/ /17570/2020** — **വളരെ വ്യാപകമായി ചർച്ചചെയ്യപ്പെട്ട എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ മാർക്ക് മോഡറേഷൻ വിവാദവുമായി ബന്ധപ്പെട്ട് ഗവ.ഉന്നത വിദ്യാഭ്യാസ(ബി) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മോഡറേഷൻ നൽകുന്നതിനുംമറ്റുമായി സർവ്വകലാശാലകൾ സ്വീകരിക്കേണ്ടതായ നടപടികൾ സംബന്ധിച്ച് നൽകിയിട്ടുള്ള മാർഗ നിർദ്ദേശങ്ങൾ – സംബന്ധിച്ച്**

പ്രസ്തുത വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സിൻഡിക്കേറ്റ് അംഗം ഡോ. ഷജില ബീവി എസ്–നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 58/23.07/41837/CE 'SECTION SO/2019** — Secure transmission of Question Papers- Security measures to be taken for transmission of question paper online for university examinations-reg.

ചോദ്യപേപ്പറുകൾ ഓൺലൈൻ മുഖേന സുരക്ഷിതമായി അയച്ചു കൊടുക്കുന്നതിലേക്കായി പരീക്ഷാ കൺട്രോളർ സമർപ്പിച്ച മാനദണ്ഡങ്ങളിന്മേൽ IT Cell–ൽ നിന്നും വിശദമായ റിപ്പോർട്ട് വാങ്ങി സമർപ്പിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 59/23.07/144172/EA1-1/2021** — **2020 -21 അധ്യയന വർഷം ആരംഭിച്ച ന്യൂ ജനറേഷൻ കോഴ്സുകൾ / ബി .വോക് കോഴ്സിലെ വിദ്യാർത്ഥികൾക്ക് പരീക്ഷ കാലയളവിന് മുമ്പായി മതിയായ അധ്യയന ദിനങ്ങൾ ലഭ്യമാകുന്നത് -സെനറ്റിന്റെ പ്രമേയം - സംബന്ധിച്ച് :-**

സർവ്വകലാശാല നടത്തുന്ന മറ്റെല്ലാ പരീക്ഷകളേയും പോലെ അക്കാദമിക് കലണ്ടർ പ്രകാരമുള്ള അദ്ധ്യയന ദിവസങ്ങൾ ഉറപ്പ് വരുത്തേണ്ടത് അതാത് സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായതിനാൽ പ്രിൻസിപ്പാൾമാരിൽ നിന്ന് സത്യവാങ്മൂലം ലഭ്യമാകുന്ന മുറക്ക് പരീക്ഷ നടത്തുക എന്നത് പ്രായോഗികമല്ലാത്തതിനാൽ, അക്കാദമിക് കലണ്ടർ ന്യൂജൻ/ബി. വോക് കോഴ്സുകളും പിന്തുടരുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 60/23.07/12923/CBCSS 4/2/2019** — **എറണാകുളം മഹാരാജാസ് കോളേജിലെ ബി.എ. ഫിലോസഫി കോഴ്സിൽ (2010 അഡ്മിഷൻ) വിദ്യാർത്ഥിയായ Anjali K.A - അന്വേഷണ കമ്മീഷൻ റിപ്പോർട്ട് - സംബന്ധിച്ച്**

അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 61/23.07/79930/AD B8-1/2022** — **2016 മാർച്ച് 31 ലെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട 3.7.3.6 പാരഗ്രാഫിന്മേൽ 2021-23 ലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ ബാർകോഡ് ചെയ്ത അൻസർ ബുക്കുകളുടെ ഉപയോഗം പുനഃ സ്ഥാപിക്കുന്നത് സംബന്ധിച്ച് :-.**

സർവകലാശാലാ പരീക്ഷകൾക്ക് ബാർ കോഡ് ചെയ്ത ആൻസർ ബുക്കുകൾ ഏർപ്പെടുത്തുന്നതിലേക്ക് പരീക്ഷ വിഭാഗം സിസ്റ്റം മാനേജർ സമർപ്പിച്ച അഭിപ്രായങ്ങൾ പാലിച്ചുകൊണ്ട് ബാർകോഡഡ് ആൻസർ ബുക്കുകൾ ഏതു പരീക്ഷകൾ മുതൽ നടത്താൻ സാധിക്കുമെന്നും, നിലവിൽ സ്റ്റോക്ക് ചെയ്തിരിക്കുന്ന answer scripts–ന്റെ വിവരവും അടങ്ങിയ സമഗ്രമായ റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കുന്നതിന് Controller of Examination–നെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 62/23.07/154581/EXAMAUDIT 1-4/2022** **K E College മാന്നാനം. Conduct of Exams ഇനത്തിൽ സീനിയർ അസിസ്റ്റന്റ് സൂപ്രണ്ടിനു അനുവദിച്ച പ്രതിഫലം പുതുക്കി ബാക്കി തുക നൽകുന്നതിനുള്ള അപേക്ഷ സംബന്ധിച്ച് -**

K. E. College മാന്നാനം, പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നത് തീരുമാനിച്ചു.

**ഇനംനമ്പർ 63/23.07/48847/EA 1-3/2023** **ത്രിവത്സര LLB സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷകൾക്ക് വേണ്ടിയുള്ള അപേക്ഷകൾ - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്**

സർവ്വകലാശാല ഉത്തരവ് നമ്പർ 4847/EI 33/2023 എം.ജി.യു. തീയതി: 04.05.2023 പ്രകാരം മേഴ്സി ചാൻസ് പരീക്ഷകൾ നടത്തുന്നതിന് നയം രൂപീകരിക്കുന്നതിലേക്ക് നിയോഗിച്ച സമിതി ആയതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിനാൽ ഫയൽ മടക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 64/23.07/58096/EI 30-1/2023** **ബിടെക് പഴയ സ്കീം (പ്രവേശന വർഷം 2010 - ന് മുമ്പ്) വിദ്യാർത്ഥിനിയ്ക്ക് മേഴ്സി ചാൻസ് പരീക്ഷ അനുവദിക്കുന്നതു സംബന്ധിച്ച്:-**

സർവ്വകലാശാല ഉത്തരവ് നമ്പർ 4847/EI 33/2023/എം.ജി.യു തീയതി: 04.05.2023 പ്രകാരം മേഴ്സി ചാൻസ് പരീക്ഷകൾ നടത്തുന്നതിന് നയം രൂപീകരിക്കുന്നതിലേക്ക് നിയോഗിച്ച സമിതി ആയതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിനാൽ ഫയൽ മടക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 65/23.07/157700/EJ 10-1/2022** **രണ്ടാം സെമസ്റ്റർ M.A ECONOMICS - JANUARY 2022 പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം, പുനർമൂല്യനിർണ്ണയം എന്നിവയിലെ അസാധാരണമായ മാർക്ക് വ്യത്യാസം അന്വേഷിക്കുന്നതിനായി രൂപീകരിക്കപ്പെട്ട വിദഗ്ധ സമിതിയുടെ റിപ്പോർട്ടും നിർദ്ദേശങ്ങളും - സംബന്ധിച്ച്.**

Deferred to next Syndicate.

**ഇനംനമ്പർ 66/23.07/87356/AC B7-1/2023** **സ്വയംഭരണ കോളേജായ എറണാകുളം, മഹാരാജാസ് കോളേജിലെ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റി ബഹു.ചാൻസലറുടെ ഓഫീസിൽ നൽകിയ പരാതി സംബന്ധിച്ച്:**

സ്വയംഭരണ കോളേജായ എറണാകുളം, മഹാരാജാസ് കോളേജിലെ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റി സമർപ്പിച്ച പരാതിയിന്മേൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ബാബു മൈക്കിൾ, ഡോ. ആർ. അനിത എന്നീ സിൻഡിക്കേറ്റ് അംഗങ്ങളെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 67/23.07/2587/AD B5/3/2020** **സർവ്വകലാശാല ബസ് സർവീസ് നിലവിലെ അവസ്ഥയിൽ തുടരുന്നത് - സർവ്വകലാശാലാ ബസ്/സ്പെഷൽ ട്രിപ്പ് നിരക്കുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്:**

Deferred to next Syndicate.

**ഇനംനമ്പർ 68/23.07/42541/AD A10-2/2023** **മഹാത്മാഗാന്ധി സർവ്വകലാശാല, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസിലെ അസ്സോസിയേറ്റ് പ്രൊഫസർ ആയിരുന്ന ഡോ. കെ. പി സുരേഷ് - ന്റെ അടിസ്ഥാന പെൻഷന്റെ കുടിശ്ശിക തുക കേന്ദ്ര സർവ്വകലാശാലയ്ക്ക് കൈമാറുന്നത് സംബന്ധിച്ച്:-**

സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിൽ അസോസിയേറ്റ് പ്രൊഫസറായിരുന്ന ഡോ. കെ.പി. സുരേഷിന്റെ വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് പെൻഷൻ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ടിയാന്റെ അടിസ്ഥാന പെൻഷൻ കുടിശികയും ഗ്രാറ്റുവിറ്റി തുക സംബന്ധിച്ച വിവരവും, മഹാത്മാഗാന്ധി സർവ്വകലാശാലാ സേവനകാലയളവിലെ പെൻഷനുമേലുള്ള ക്ഷാമാശ്വാസം ടിയാന് നൽകുന്നതല്ല എന്നുള്ള വിവരവും കേന്ദ്രസർവ്വകലാശാലയെ അറിയിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 69/23.07/158580-AcAIX/2/PGCSS2019** **PG CSS 2019 സിലബസ് പരിഷ്ക്കരണം- ശിൽപ്പശാല സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് ഡോ. മ്യൂസ് മേരി ജോർജ്, ഡോ.ദിലീപ് കുമാർ പി.ജി., ഡോ.അനുജ തോമസ് എന്നീ അദ്ധ്യാപകർക്ക് അനുവദിച്ച താൽക്കാലിക മുൻകൂർ തുക ക്രമപ്പെടുത്തുന്നതിൽ പിഴപ്പലിശ ഈടാക്കുന്നത് ഒഴിവാക്കേണ്ടതുണ്ടോ എന്നതിൽ തീരുമാനം കൈക്കൊള്ളുന്നത് - ബഹു:വൈസ് ചാൻസലറുടെ ഉത്തരവിൻ പ്രകാരം സിൻഡിക്കേറ്റിൻറെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് :-**

സർവ്വകലാശാലാ ഉത്തരവ് നം.7483/Ac A IX/2/സിലബസ് റിവിഷൻ കമ്മിറ്റി/2018 പ്രകാരം PG CSS 2019 സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിനും അനുബന്ധ ചെലവുകൾക്കുമായി ബന്ധപ്പെട്ട അദ്ധ്യക്ഷൻ, ബോർഡ് ഓഫ് സ്റ്റഡീസ്/കൺവീനർ, വിദഗ്ദ്ധ സമിതി എന്നിവർക്ക് അനുവദിച്ച താൽക്കാലിക മുൻകൂർ തുക താഴെപ്പറയുന്ന രീതിയിൽ ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

1. ഡോ. മ്യൂസ് മേരി ജോർജ്, അസോ. പ്രൊഫ., യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ-യുടെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുകയായ 30,000/- രൂപ (മുപ്പതിനായിരം രൂപാ മാത്രം) ക്രമീകരിക്കുന്നതിലുണ്ടായ കാലതാമസത്തിന് നൽകിയിരിക്കുന്ന വിശദീകരണം പൂർണമായും തൃപ്തികരമായതിനാൽ ടി തുക പിഴപ്പലിശ ഒഴിവാക്കി ക്രമീകരിക്കുന്നതിനും,

2. ഡോ. ദിലീപ് കുമാർ പി.ജി., അസി. പ്രൊഫ., ഗവ.കോളേജ്, നാട്ടകം-ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുകയായ 30,000/- രൂപ (മുപ്പതിനായിരം രൂപാ മാത്രം) ക്രമീകരിക്കുന്നതിലുണ്ടായ കാലതാമസത്തിന് നൽകിയിരിക്കുന്ന വിശദീകരണം പൂർണമായും തൃപ്തികരമായതിനാൽ ടി തുക പിഴപ്പലിശ ഒഴിവാക്കി ക്രമീകരിക്കുന്നതിനും,

3. ഡോ. അനുജ തോമസ്, അസോ. പ്രൊഫ. സി.എം.എസ്, കോളേജ്, കോട്ടയം-ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുകയായ 30,000/- രൂപ (മുപ്പതിനായിരം രൂപാ മാത്രം) ക്രമീകരിക്കുന്നതിലുണ്ടായ കാലതാമസത്തിന് നൽകിയിരിക്കുന്ന വിശദീകരണം പൂർണമായും തൃപ്തികരമായതിനാൽ ടി തുക പിഴപ്പലിശ ഒഴിവാക്കി ക്രമീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 70/23.07/63215/P&D 1-1/2023** **മഹാത്മാഗാന്ധി സർവ്വകലാശാല കബനി ഹോസ്റ്റലിൽ പുതിയ ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിനായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 9,63,000/-രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് - സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാല കബനി ഹോസ്റ്റലിൽ പുതിയ ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനും ടി പ്രവൃത്തിക്കായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 9,63,000/- (ഒൻപതു ലക്ഷത്തി അറുപത്തിമൂവായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും, ഈ ഇനത്തിൽ ഉള്ള ചെലവ് സർവകലാശാലയുടെ നടപ്പ സാമ്പത്തിക വർഷത്തെ "21 101 06 i - Initiatives for Infrastructure Development of School of Social Sciences,

Maintenance of Existing Students Hostel and Canteen" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 71/23.07/87592/FO SECTION-ASSISTANT1/2023/CAC** **2023-24 സാമ്പത്തിക വർഷത്തെ " 22 340 27 - Payment to Contingent Employees " എന്ന ബജറ്റ് ശീർഷകത്തിൽ അധിക തുക വകയിരുത്തുന്നത് സംബന്ധിച്ച് .**

2023-24 സാമ്പത്തിക വർഷത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജിക്ക് അനുവദിച്ചിരിക്കുന്ന നോൺ പ്ലാൻ ഇനത്തിലെ '22 340 27 - Payment to Contingent Employees' എന്ന ബജറ്റ് ശീർഷകത്തിൽ അധിക തുകയായി Rs.3,00,000 (മൂന്ന് ലക്ഷം രൂപ മാത്രം) രൂപ കൂടി വകയിരുത്തി അടങ്കൽ തുക Rs.4,50,000 (നാല്പ ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപ ആയി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 72/23.07/392/p&d i/3/p599/2018** **സർവ്വകലാശാല ക്യാമ്പസിലെ School of Management and Business Studies കെട്ടിടത്തിലേക്ക് പ്രവേശിക്കുന്ന മുൻ ഭാഗത്ത് പടവുകൾ കെട്ടി നെയിം ബോർഡ് സ്ഥാപിക്കുന്നതിനും വെഹിക്കിൾ ഷെഡ് നിർമ്മിക്കുന്നതിനും ടോയ്ലെറ്റിലെ അറ്റകുറ്റപണികളുടെയും ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ 7,77,817/- രൂപ കരാറുകാരന് അനുവദിക്കുന്നത് - സംബന്ധിച്ച് :-**

School of Management and Business Studies കെട്ടിടത്തിലേക്ക് പ്രവേശിക്കുന്ന മുൻ ഭാഗത്ത് പടവുകൾ കെട്ടി നെയിം ബോർഡ് സ്ഥാപിക്കുന്നതിനും വെഹിക്കിൾ ഷെഡ് നിർമ്മിക്കുന്നതിനും ടോയ്ലെറ്റിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള പ്രവൃത്തിയുടെ ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ 7,77,817/- രൂപ (ഏഴ് ലക്ഷത്തി എഴുപത്തേഴായിരത്തി എണ്ണൂറ്റിപതിനേഴ് രൂപ മാത്രം; അടിസ്ഥാന തുക-6,59,166.94/- +GST 1,18,650.04/-) കരാറുകാരനായ ശ്രീ. റോണി ജോർജ്, ആല്പംചേരിൽ, ഏറ്റുമാനൂർ-ന അനുവദിക്കുന്നതിനും, മേൽ തുകയിൽ നിന്ന് താഴെ പറയുന്ന പ്രകാരം കിഴിവുകൾ വകയിരുത്തുന്നതിനും [(IT(1%)-Rs.6,592/-, WWF (1%)-Rs.6,592/ -, GST (2%) -Rs.13,183/- ], മേൽച്ചെലവ് നടപ്പ സാമ്പത്തിക വർഷത്തിലെ "21 101 32 i SMBS - Upgradation of Facility for School of Management and Business Studies" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 73/23.07/73797/AD B4-3/2023** **സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജിയിലേക്ക് ആവശ്യമായ ലാബ് ഉപകരണങ്ങൾ ഏകദേശം 23,88,639/- രൂപയ്ക്ക് വാങ്ങുന്നതിനുള്ള അനുമതി നൽകുന്നത് - സംബന്ധിച്ച്.**

സ്കൂൾ ഓഫ് നാനോ സയൻസസ് ആൻഡ് നാനോ ടെക്നോളജിയിലേക്ക് ആവശ്യമായ ഏകദേശം 23,88,639/- രൂപ വില വരുന്ന ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അനുമതി നൽകുന്നതിനും, പ്രസ്തുത വകുപ്പിന് ആവശ്യമുള്ള വിവിധ ലാബ് ഉപകരണങ്ങൾക്കായി ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ള 5 സ്ഥാപനങ്ങളിൽ M/s.SES Instruments Pvt Ltd, Uttarakhand ; M/s.Holmarc Opto - Mechatronics Ltd., Kochi എന്നീ രണ്ട് സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള ക്വട്ടേഷൻ പ്രകാരമുള്ള ഉപകരണങ്ങൾ proprietary nature - ല്പള്ളവയായതിനാൽ, ടി ഉപകരണങ്ങൾ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നതിനും, M/s. Aswathy Agencies, Aluva ; M/s.Leo Healthcare, Chennai ; M/s.Professional Scientific, Cochin എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള ക്വട്ടേഷൻ പ്രകാരമുള്ള ലാബ് ഉപകരണങ്ങൾ ടെൻഡർ ക്ഷണിച്ച് വാങ്ങുന്നതിനും, പ്രസ്തുത വാങ്ങലിന്റെ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ ' 21 101 30 i School of Nanoscience and Nano Technology - 'Infrastructure Development for New Age Courses and Research Activities' എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തുന്നതിനും തീരുമാനിച്ചു.

| ക്രമ നം . | സ്ഥാപനത്തിന്റെ പേര് | ഇൻസ്ട്രുമെന്റ്സ് | തുക (in Rs.) |
|---|---|---|---|
| 1 | M/s.SES Instruments Pvt Ltd.,Uttarakhand | 1.Study of dielectric constant and curie temperature of ferroelectric ceramics<br>2.Frequency dependence of dielectric constant with | 1,85,564/- |

| | | | |
|---|---|---|---|
| | | temperature variation option<br>3.Dielectric constants of solids and liquids<br>4.study of P – N Junctions | |
| 2 | M/s.Holmarc Opto – Mechatronics Ltd., Kochi | 1. Fabry – Perot Interferometer<br>2. Optical fibre characterisation apparatus<br>3. Diffraction and Heisenberg uncertainty principle<br>4. Biot – Swarts law study apparatus<br>5. Solar cell characterisation apparatus | 4,00,088/- |
| 3 | M/s. Aswathy Agencies, Aluva | Analytical Balance (4 Digit) | 1,16,820/- |
| 4 | M/s.Leo Healthcare, | High Temperature Chamber Furnace | 2,67,417.50 |
| 5 | M/s.Professional Scientific, Cochin | 1. Milliken oil drop experiment<br>2. Newtons ring apparatus<br>3. Planks constant by photoelectric effect<br>4. Franck Hertz experiment<br>5. Resistors, capacitors and other equipments<br>6. UV VIS Spectrophotometer with laptop<br>7. Universal refrigerated centrifuge<br>8. Lyophilizer freeze dryer | 14,18,749.40 |
| ആകെ തുക | | | 23,88,638.90 |

**ഇനംനമ്പർ 74/23.07/106903/ACA1-3/2023**

**കോഴ്സ് പൂർത്തിയായിട്ടും ഇ - ഗ്രാന്റ്സ് മുഖേനയുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാത്തത് മൂലം സ്ഥാപനങ്ങൾ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ അനുവദിക്കാത്തത് - പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ (സി) വകുപ്പിൽനിന്നും ലഭിച്ച നിർദ്ദേശം - ഇ-ഗ്രാന്റ്സ് ഇനത്തിൽ അഫിലിയേറ്റഡ് കോളേജുകൾക്ക് സർവ്വകലാശാലയിൽ നിലനിൽക്കുന്ന ഫീസ് കുടിശ്ശിക - വിഷയം സർക്കാരിലേക്ക് അറിയിക്കുന്നത് സംബന്ധിച്ച് :-**

വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് അപേക്ഷകൾ അനുവദനീയമാണോയെന്ന് ബന്ധപ്പെട്ട സർക്കാർ വകുപ്പ് പരിശോധിച്ച് അർഹമായ തുക എത്രയെന്ന് കോഴ്സ് തുടങ്ങി ഒരു നിശ്ചിത സമയത്തിനുള്ളിൽ സ്ഥാപനങ്ങളെ രേഖാമൂലം അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിലേക്ക് കത്ത് നൽകുന്നതിനും, ഇ-ഗ്രാന്റ്സ് വഴി ലഭിക്കേണ്ട ഫീസ് ഇനത്തിൽ ഭീമമായ തുക കോളേജുകളിൽ നിന്ന് സർവകലാശാലയ്ക്ക് ലഭിക്കാനുണ്ട് എന്നത് കണക്ക് സഹിതം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരുന്നതിനും, തുക വിതരണം ചെയ്യുന്നത് അനന്തമായി നീണ്ടുപോകുന്നത് ഒഴിവാക്കണം എന്നും, തുക വിതരണം ചെയ്യുന്നത് സംബന്ധിച്ച അറിയിപ്പ് സർവ്വകലാശാലയ്ക്ക് കൂടി നൽകണം എന്ന് കത്ത് മുഖാന്തിരം സർക്കാരിനെ അറിയിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 75/23.07/6832/P&D 3/2/2019**

**D-Space software ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട കെ എസ് എ ഡി യുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നത് സംബന്ധിച്ച്**

IT വിഭാഗത്തിന്റെ റിപ്പോർട്ട് വാങ്ങി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 76/23.07/169980/AD A9-3/2022**

**സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് - 2022-23 ലെ ദക്ഷിണമേഖല അന്തർസർവ്വകലാശാലാ വോളിബോൾ (വനിത) മത്സരങ്ങളും, ഓൾ ഇന്ത്യ അന്തർസർവ്വകലാശാലാ വോളിബോൾ (വനിത) മത്സരങ്ങളും യഥാക്രമം 2022 ഡിസംബർ 27 മുതൽ 31 വരെയും 2023 ജനുവരി 02 മുതൽ 06 വരെയും മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വച്ച് സംഘടിപ്പിക്കുന്നതിനുള്ള ചെലവിലേയ്ക്കായി സ്പെസ്സ് ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ അനുവദിച്ച 15 ലക്ഷം രൂപ ക്രമീകരിക്കുന്നത് സംബന്ധിച്ച്.**

2022-23-ലെ ദക്ഷിണമേഖലാ അന്തർ സർവ്വകലാശാലാ വോളിബോൾ (വനിത) മത്സരങ്ങളും ഓൾ ഇന്ത്യാ അന്തർ സർവ്വകലാശാലാ വോളിബോൾ (വനിത) മത്സരങ്ങളും സംഘടിപ്പിക്കുന്നതിനുള്ള ചെലവിലേക്കായി SPESS Director ഡോ. ബിനു ജോർജ് വർഗ്ഗീസിന്റെ പേരിൽ അനുവദിച്ച തുകയായ 15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) ക്രമപ്പെടുത്തുന്നതിനും പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തിലെ സർവ്വകലാശാലാ ബജറ്റിലെ SPESS - 22 401 58 - Inter Collegiate/Inter University Tournaments എന്ന ശീർഷകത്തിൽനിന്നും വകയിരുത്തുന്നതിനും, അധികമായി ചെലവഴിച്ച തുക അനുവദിക്കുന്നതിനെ സംബന്ധിച്ച് സംഘാടകസമിതി യോഗത്തിന്റെ മിനിറ്റ്സിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ അധികമായി ചെലവഴിച്ച തുക സർവ്വകലാശാലയിൽ നിന്നും നൽകേണ്ടതില്ലായെന്നും തീരുമാനിച്ചു.

**ഇനംനമ്പർ: 77/23.07/150048/SF 1-3/2021**

**സ്വാശ്രയ സ്ഥാപനങ്ങൾ - STAS പത്തനംതിട്ടയുടെ നടത്തിപ്പിനായി സർവകലാശാലയ്ക്ക് പാട്ട വ്യവസ്ഥയിൽ സർക്കാർ അനുവദിച്ചിരുന്ന ഭൂമി സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കത്ത് - സിൻഡിക്കേറ്റ് തീരുമാനം - രജിസ്ട്രാറുടെ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

CPAS ഡയറക്ടർ-ന്റെ അപേക്ഷ പരിഗണിച്ച് STAS, പത്തനംതിട്ടയിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു. കൂടാതെ, പണിയുവാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ വിശദമായ പ്ലാൻ, എസ്റ്റിമേറ്റ്, ആരംഭിക്കുന്ന കോഴ്സുകളുടെ വിശദാംശങ്ങൾ എന്നിവ സമർപ്പിക്കുന്നതിന് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 78/23.07/107544/AD B2-2/2023**

**സർവകലാശാലയിലെ നിള, കബനി എന്നീ ഹോസ്റ്റലുകളിലേക്ക് 50 എണ്ണം ഡോർമെറ്ററി (ഇരുനില) കട്ടിലുകൾ വാങ്ങി നൽകുന്നത് സംബന്ധിച്ച്:-**

നിലവിലുള്ള കട്ടിലുകൾ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗിക്കാനാകുമോ എന്ന് പരിശോധിക്കുന്നതിന് എസ്റ്റേറ്റ് ഓഫീസറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.01/23.07**

**Degrees to be awarded to successful candidates who have passed various examinations conducted by the University under different faculties till 21.10.2023 - reg.**

Resolved to award Degree/Diploma to successful candidates who have passed various examinations conducted by the University, including the candidates of Autonomous Colleges under the University, who have followed University regulations under different faculties till 21.10.2023.

**ഇനം.നമ്പർ: ഒ.എ.02/23.07**

**Awarding of Ph. D. Degree - reg:-**

The action taken by the Vice-Chancellor in having constituted the Boards of Examiners for the adjudication of the theses was reported to the Syndicate.

Further resolved to award the Degree of Doctor of Philosophy to all the candidates whose files are submitted to the Syndicate till 21.10.2023 in the faculty concerned.

| Sl. No | File No. | Name & Address of Candidate | Name & Address of Supervising Teacher | Subject Area and Faculty | Title of the proposed Thesis |
|---|---|---|---|---|---|
| 1 | 31831/AC A14-3/2023 | **Smt. Reshmi John**<br>Valanjattil,<br>Chalukunnu,<br>Kottayam- 686 001 | **Dr. Jissy Mathew**<br>Associate Professor,<br>Dept.of Chemistry,<br>Assumption College,<br>Changanacherry<br>(Research Guide, S B College,<br>Changanacherry.)<br>External Expert:<br>Dr. C. T. Aravindakumar, Vice Chancellor, Mahatma Gandhi University, Kottayam | Chemistry / Science | SPECTROSCOPIC INVESTIGATION ON THÈ INTERACTION OF ENVIRONMENTAL CONTAMINANTS WITH PROTEINS |
| 2 | 12096/AC A14-3/2023/AC A14 | **Sri. Ajil P. A.**<br>Parodath House,<br>Mundamveli P.O,<br>Ernakulam- 682 507 | **Dr. Jaya T. Varkey**<br>Associate Professor & HOD,<br>Dept.of Chemistry,<br>St. Teresa's College,<br>Ernakulam- 682011 | Chemistry / Science | SYNTHESIS, CHARACTERISATION AND APPLICATION STUDIES OF METAL NANOPARTICLES STABILIZED IN POLYMERIC MICROGEL |
| 3 | 50779/AC A14-3/2023/AC A14 | **Smt. Preethi K Pillai**<br>Devaprasanthy<br>(Asok Bhavan),<br>Pakalomattom P.O,<br>Kuravilangadu,<br>Kottayam- 686 633. | **Dr. J Suresh Kumar,**<br>Research Supervisor in Mathematics,<br>N.S.S. Hindu College,<br>Changanacherry | Mathematics / Science | A STUDY ON GRAPH COLORINGS AND RELATED TOPICS |
| 4 | 154383/EB 10-1/2022/EB 10 | **Smt. Mini Paul**<br>Horizon Daffodils,<br>Apartment 2 D,<br>Padam Road,<br>Vaduthala, Pin: 682 023 | Dr.Giri Sankar S.S,<br>Associate Professor,<br>Govt. Law College,<br>Ernakulam | Law/Law | CONSERVING HUMAN RIGHTS OF SENIOR CITIZENS IN INDIA - AN ANALYTICAL STUDY ON THE EFFECTIVENESS OF LEGAL MECHANISMS WITH SPECIAL REFERENCE TO KERALA |
| 5 | 185100/AC A14-1/2022/AC A14 | **Sri. Blesson George**<br>Naduvilemuriyil,<br>Pariyaram P.O,<br>Elanthur,<br>Pathanamthitta - 689 643 | Dr. Ninan Sajeeth Philip<br>Associate Professor,<br>Department of Physics,<br>St. Thomas College,<br>Kozhencherry | Physics / Science | Theoretical Formalism of Machine Learning |

| | | | | | |
|---|---|---|---|---|---|
| 6 | 118671/EB 14-2/2022/EB 14 | Smt. Rekha A G<br>Sarovaram, North Gate<br>Vaipin Padi<br>Vaikom P O<br>Kottayam- 686141 | Dr. Ambika A Nair<br>Research Supervisor<br>PG & Research Dept. of Malayalam<br>Maharaja's College,<br>Ernakulam-682011 | Malayalam/ Language & Literature | **പ്രവാസജീവിതം - വിലാസിനിയുടെ നോവലുകളിൽ** |
| 7 | 27874/EB 10-3/2022 | **Smt. Athira N. R**<br>Nambrattil House,<br>Nayarambalam P. O,<br>Ernakulam-682509. | Dr. E.S. Jeevanand<br>Professor,<br>Department of Mathematics,<br>Union Christian College, Aluva | Statistics/ Science | **ESTIMATION OF THE RESIDUAL ENTROPY FUNCTION OF FINITE RANGE DISTRIBUTION IN REAL DATA SITUATION** |
| 8 | 41516/AC A14-3/2023 | **1Smt. Jissy Jacob**<br>Chempakathinal (H),<br>Chenappady P. O,<br>Kottayam - 686 520<br>**<u>Co-guide</u>**<br>**Dr. Sabu Thomas**<br>Founder Director, International and Inter University Centre for Nanoscience and Nanotechnology, Professor, School of Chemical Sciences, Mahatma Gandhi University, Kottayam | **Dr. Sunny Kuriakose**<br>Professor & Research Guide,<br>St. Thomas College, Palai. | Chemistry / Science | **Sustainable Poly(Lactic Acid) / Functionalized Mesoporous Silica Biocomposites for Intelligent Fish Packaging** |
| 9 | 28650/AC A14-3/2023/AC A14 | **Smt. Jeena M. S**<br>Melpallikudi (H),<br>Poopara P. O,<br>Idukki District,<br>Pin- 685 619 | Dr. Lovelymol Sebastian<br>Research Guide,<br>Department of Mathematics,<br>St. Thomas College, Palai | Mathematics / Science | **FIXED POINT THEOREMS IN VARIOUS METRIC SPACES** |
| 10 | 1341/AC A15-2/2023 | Smt.Anitha D Kini<br>4/1128<br>Jayanivas<br>North Cherlai<br>Cochin- 682002 | Dr Chithra N R<br>Associate Professor (Retd) &<br>Research Guide (M.G University, Kottayam)<br>St.Joseph's College for Women<br>Alappuzha -688001 | Hindi/ Language & Literature | **SAMKALEEN RAJNAITIK VYANGYA NATAK: EK VISHLESHNATMAK ADHYAYAN** |

| | | | | | |
|---|---|---|---|---|---|
| 11 | 159561/EB 10-2/2022/ | Sri. Vinod Mathew Kathikulathil, Praikara, Mavelikkara, Alappuzha | Dr. Punnen Kurian Research Guide in Environmental Sciences, Mahatma Gandhi University, Tropical Institute of Ecological Sciences (TIES), Kottayam, | Environmental Science (Agronomy)/ Environmental and Atmospheric Sciences | Integrated nutrient management (INM) strategy in cassava (*Manihot esculenta* Crantz) with special emphasis on Arbuscular mycorrhizal fungi (AMF) |
| 12 | 176501/EB 14-3/2021 | Smt. BILU JOB Marakkam Veettil Marakkam Lane S. Kaloor Kochi Ernakulam District - 682017 | Dr. Sybila Pius Fernandez Research Guide Research and PG Department of Commerce St. Xavier's College for Women, Aluva Ernakulam Dist | Commerce / Commerce | **AN EVALUATIVE STUDY ON THE EFFECTIVENESS OF FINANCIAL EDUCATION PROGRAMMES OF FINANCIAL LITERACY CENTRES IN ERNAKULAM DISTRICT** |
| 13 | 30616/AC A15-1/2023/AC A15 | **Sri.Bineesh C B** Chalil (H) Anthinad P O Kottayam-686 651 | Dr. Biju Lekshmanan Head of the Department School of Gandhian Thought and Development Studies Mahatma Gandhi University Kottayam | Development Studies / Social Sciences | **SOCIAL EMPOWERMENT OF TRANSGENDER THROUGH ENTREPRENEURSHIP - A STUDY WITH SPECIAL REFERENCE TO KERALA** |
| 14 | 13882/AC A14-2/2023/AC A14 | Smt. Sreeja S. Mullasseril (H) Cheeranchira P. O Changanacherry | Dr. Leena Leon Associate Professor and Research Guide, Dept. of Home Science and Centre for Research, St. Teresa's College (Autonomous) Ernakulam, Pin- 682 035 | Home Science/ Science | KNOWLEDGE, ATTITUDE AND PRACTICES OF FOOD SAFETY INSPECTORS - AN ASSESSMENT AND AWARENESS BUILDING |
| 15 | 58824/AC A15-1/2023/AC A15 | **Sri. Dileep P Chandran** Panickaveedu (H) CMC 35, Cherthala P O Alappuzha - 688524 | Dr. Biju Lekshmanan Head of the Department School of Gandhian Thought and Development Studies Mahatma Gandhi University Kottayam | Development Studies (Political Science) / Social Sciences | **REPRESENTATION OF VIOLENCE IN POLITICAL THOUGHT IN INDIA : CONCEPTUALIZING THE IDEA OF NATIONALISM** |
| 16 | 51859/AC A14-3/2023/AC A14 | **Smt. Sheethal S** Pankajamandiram, Kuttikkattukara P.O, Udyogamandal-683 501 | **Dr. Ratheesh M** Assistant Professor, Department of Chemistry, St. Thomas College, Palai | Biochemistry / Science | EFFECT OF GLUTATHIONE ENRICHED HERBAL FORMULATION ON EXPERIMENTAL DIABETIC MODEL: POSSIBLE ROLE IN AGE ASSOCIATED PATHOGENESIS |

| | | | | | |
|---|---|---|---|---|---|
| 17 | 164810/EB 14-2/2022/EB 14 | Smt.Bismi Vijayan Koochedath(H) Anakulam P O Idukki,PIN- 685 565. | Dr.Nibu Thomson Research Guide Department of English Nirmala College Muvattupuzha | English/ Language & Literature | **Discoursing Children's Narratives: A Study of Select Crossover Works of Angela Carter** |
| 18 | EBXIV/2/PHD/61/2019 | Sri. EBIN P MANI Puthanpurackal Chillithodu Idukki - 685 561 | Dr. Jacob Thomas Associate Professor (Retd) Research Supervisor Department of Commerce CMS College, Kottayam | Commerce / Commerce | CREDIT DEPLOYMENT OF KERALA GRAMIN BANK : A STUDY OF IDUKKI DISTRICT |
| 19 | 41022/AC A14-2/2023/AC A14 | Sri. Mohammed Roshif U Uppathil (H), Korad Ozhur P.O, Malappuram, PIN- 676 307 | **Dr. Afsal E M** Supervising Teacher, School of Management and Business Studies, Mahatma Gandhi University, Kottayam, Kerala | Management Studies / Management Sciences | **A STUDY ON RELATIONSHIP AMONG CORPORATE GOVERNANCE, INTELLECTUAL CAPITAL AND PERFORMANCE OF IT COMPANIES IN INDIA** |
| 20 | 32701/AC A14-2/2023/AC A14 | Smt. Ambili C.K Indu Bhavan, Mariathuruth P.O, Pin- 686 027 | **Dr. C R Harilakshmeendra Kumar** Assistant Professor, School of Gandhian Thought and Development Studies, Mahatma Gandhi University, Kottayam | Psychology / Behavioural Sciences | **ANGER EXPRESSION IN RELATION TO STRESS TOLERANCE AND QUALITY OF LIFE OF WOMEN POLICE PERSONNEL** |
| 21 | 42984/AC A15-3/2023/AC A15 | Sri. SHAJI THOMAS Kamukummattathil (H) Perinchankutty P O Murickassery Idukki District - 685 604 | Dr.Johnson V Associate Professor(Retd) and Research Guide Research and PG Department of Commerce Pavanatma College, Murickassery | Commerce / Commerce | TOTAL QUALITY MANAGEMENT - A COMPARATIVE STUDY AMONG THE HIGHER EDUCATION INSTITUTIONS IN KERALA Title of Research Changed Vide U O No. 3749/ACA 10/2023/MGU Dated : 31.03.2023 |
| 22 | 26661/AC A14-3/2023/AC A14 | Smt. Sneha Mathew Alunkal (H), Modapoika P. O, Nilambur, Malappuram, Pin - 679331. | **Dr. Beena Mathew** Senior Professor, School of Chemical Sciences, Mahatma Gandhi University, Kottayam | Chemistry / Science | **Biomass Derived Carbon Based Nanomaterials for Diverse Applications** |

**ഇനം.നമ്പർ: ഒ.എ.03/23.07**

**സർവ്വകലാശാലയിൽ ഇ–ഫയലിംഗ്/ഇലക്ട്രോണിക് സംവിധാനങ്ങൾ നിലവിൽ വന്ന പശ്ചാത്തലത്തിലും, സർവ്വകലാശാലയുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും നിലവിലുള്ള തസ്തികകൾ പുനഃ ക്രമീകരിക്കുന്നത് – സംബന്ധിച്ച് :–**

സർവ്വകലാശാലയിൽ ഇ–ഫയലിംഗ്/ഇലക്ട്രോണിക് സംവിധാനങ്ങൾ നിലവിൽ വന്ന ശേഷം വിവിധ തസ്തികകളിലെ ജോലി ഭാരത്തിൽ വന്ന വ്യത്യാസവും, നിലവിലെ ധനദൃഢീകരണ പ്രക്രിയയുടെ ഭാഗമായുള്ള ജോലിഭാരം ഏകീകരിക്കലും കണക്കിലെടുത്ത്, സർവ്വകലാശാലയിൽ നിലവിലുള്ള അനധ്യാപക തസ്തികകൾ താഴെ പറയും പ്രകാരം പുനഃക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

| ക്രമ നം. | തസ്തിക | നിലവിലെ തസ്തികകളുടെ എണ്ണം | പുതുതായി ക്രമീകരിക്കേണ്ട തസ്തികകളുടെ എണ്ണം (എൻടി പോസ്റ്റ്) | റിമാർക്സ് |
|---|---|---|---|---|
| 1 | ഓഫീസ് അറ്റൻഡന്റ് | 133 | 60 | ഓഫീസ് അറ്റൻഡന്റ് (ഹയർ ഗ്രേഡ്), ഓഫീസ് അറ്റൻഡന്റ് അനുപാതം – 1 : 2 |
| 2 | അസിസ്റ്റന്റ് | 238+<br>16 (സൂപ്പർന്യൂമററി) | 222+<br>16* (സൂപ്പർന്യൂമററി) | അസിസ്റ്റന്റ് എൻടി പോസ്റ്റിലെ ആകെ എണ്ണം സൂപ്പർന്യൂമററി ഉൾപ്പെടെ 238 ആയി നിലനിർത്തുന്നു. *(സൂപ്പർന്യൂമററി തസ്തികകളെ സംബന്ധിച്ച സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയം) |
| 3 | കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 | 22 | 19 | |
| 4 | റോണിയോ ഓപ്പറേറ്റർ | 20 | 1 (സൂപ്പർന്യൂമററി) * | * നിലവിൽ ജോലി ചെയ്യുന്ന റോണിയോ ഓപ്പറേറ്റർ വിരമിക്കുന്നതോടു കൂടി ടി സൂപ്പർന്യൂമററി തസ്തിക ഇല്ലാതാകുന്നതാണ്. |
| 5 | ഓവർസിയർ ഗ്രേഡ് 2 | 7 | 4 | |
| 6 | ഇലക്ട്രീഷൻ | 7 | 4 | |
| 7 | പ്ലംബർ/ പമ്പ് ഓപ്പറേറ്റർ | 9 | 4 | |
| 8 | ഡ്രൈവർ കം ഓഫീസ് അറ്റഡൻറ് | 18 | 6 | നിലവിൽ ജോലി ചെയ്യുന്ന സ്ഥിരം ഡ്രൈവറുടെ ഒരു തസ്തിക ഉൾപ്പെടെ 6 തസ്തികകൾ നിലനിർത്തുന്നു. |
| 9 | കണ്ടക്ടർ | 2 | 1 (സൂപ്പർന്യൂമററി) * | *നിലവിൽ ജോലി ചെയ്യുന്ന കണ്ടക്ടർ വിരമിക്കുന്നതോടു കൂടി / ഉദ്യോഗക്കയറ്റം ലഭിക്കുന്നതോടുകൂടി ടി തസ്തിക ഇല്ലാതാകുന്നതാണ് |
| 10 | കണ്ടക്ടർ ഹയർ ഗ്രേഡ് | 2 | 2 (സൂപ്പർന്യൂമററി) * | * ഒരു തസ്തിക 31.05.2024 വരെയും മറ്റൊന്ന് 31.01.2026 വരെയും നിലനിർത്താവുന്നതാണ്. (നിലവിലെ കണ്ടക്ടർ, ഹയർ ഗ്രേഡ് കണ്ടക്ടർ എന്നിവർക്ക് പ്രൊട്ടക്ഷൻ) |

| | | | | |
|---|---|---|---|---|
| 11 | ഗൂർഖ വാച്ച്മാൻ | 6 | 3 | |

**ഇനം.നമ്പർ: ഒ.എ.04/23.07/129105/P&D 2-1/2023** **National Centre for Polar and Ocean Research (NCPOR), Goa – യും മഹാത്മാഗാന്ധി സർവ്വകലാശാലയിലെ International Centre for Polar Studies (ICPS) – ഉം തമ്മിൽ അക്കാദമിക ഗവേഷണ മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിന് വേണ്ടി ഒരു ധാരണാപത്രം ഒപ്പിടുന്നത് – സംബന്ധിച്ച്.**

National Centre for Polar and Ocean Research (NCPOR), Goa-യും മഹാത്മാഗാന്ധി സർവ്വകലാശാലയിലെ International Centre for Polar Studies (ICPS)-ഉം തമ്മിൽ 'Polar Studies' എന്ന ഗവേഷണ പ്രോജക്റ്റിനായി അക്കാദമിക-ഗവേഷണ വിഷയങ്ങളിൽ സഹകരണത്തിനായി ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.05/23.07** **സർവ്വകലാശാലയിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

സിൻഡിക്കേറ്റ് യോഗ തീരുമാനം, ഇനം.നമ്പർ: ഒ.എ.03/23.07 പ്രകാരമുള്ള തസ്തിക പുനഃക്രമീകരണത്തിന് ശേഷം കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലുള്ള 31.10.2023 തീയതി വരെയുള്ള ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.06/23.07** **Proceedings of the interview for the post of Technology Business Incubator (TBI) Manager at Business Innovation and Incubation Centre (BIIC) held on 13.10.2023 – Approval –reg**

Resolved to approve the proceedings of the interview for the post of Technology Business Incubator (TBI) Manager at Business Innovation and Incubation Centre (BIIC) held on 13.10.2023, and to approve the rank list prepared by the Selection Committee and to make appointment from the rank list prepared by the Selection Committee.

**ഇനം.നമ്പർ: ഒ.എ.07/23.07** **Proceedings of the Selection Committee constituted for the selection of Computer Lab in-charge (on temporary contract basis) – interview held on 17.10.2023 – Approval –reg**

Resolved to approve the proceedings of the Selection Committee constituted for the selection of Computer Lab in-charge (on temporary contract basis) held on 17.10.2023, and to approve the rank list prepared by the Selection Committee and to make appointment from the rank list prepared by the Selection Committee.

**ഇനം.നമ്പർ: ഒ.എ.08/23.07** **Proceedings of the Selection Committee constituted for the selection of Lead Developer – Full Stack (on temporary contract basis) – interview held on 05.10.2023 – Approval – reg**

Resolved to approve the proceedings of the Selection Committee constituted for the selection of Lead Developer – Full Stack (on temporary contract basis) held on 05.10.2023, and to approve the rank list prepared by the Selection Committee and to make appointment from the rank list prepared by the Selection Committee.

**ഇനം.നമ്പർ: ഒ.എ.09/23.07/29116/AC A6-3/2023** **മാന്നാനം കുര്യാക്കോസ് ഏലിയാസ് കോളേജിലെ ബിരുദാനന്തരബിരുദ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തെ സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുവാനായി നൽകിയിരിക്കുന്ന അപേക്ഷ - ഇൻസ്പെക്ഷൻ കമ്മീഷന്റെ റിപ്പോർട്ട് സിൻഡിക്കേറ്റിലേക്കു സമർപ്പിക്കുന്നത്- സംബന്ധിച്ച്**

മാന്നാനം കുര്യാക്കോസ് ഏലിയാസ് കോളേജിലെ ബിരുദാനന്തരബിരുദ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തെ സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും, ടി കോളേജിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. സ്മിത എസ്, ഡോ. സിന്ധു ഇ എസ് എന്നിവരെ ടി ഗവേഷണ കേന്ദ്രത്തിലെ റിസർച്ച് ഗൈഡുമാരായി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.10/23.07/42158/AC A10-2/2020** **പി എച്ച് ഡി പ്രോഗ്രാം - ടൂറിസം സ്റ്റഡീസ് - 2018 അഡ്മിഷൻ - ശ്രീമതി. അനിത ടി. എ. - ഗവേഷണ മാർഗദർശി, ഗവേഷണ കേന്ദ്ര മാറ്റങ്ങൾ ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്**

ഡോ. ടോണി കെ തോമസ് ഗവേഷണ മാർഗ്ഗദർശിയായി, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഗവേഷണകേന്ദ്രമായി ഗവേഷണം നടത്തിവരുന്ന ശ്രീമതി. അനിത ടി. എ.-യുടെ ഗവേഷണകേന്ദ്രം IUCSSRE-ലേക്കും ഗവേഷണ മാർഗദർശിത്വം IUCSSRE ഗവേഷണ കേന്ദ്രത്തിലെ Adjunct Faculty ആയ ഡോ. സിന്ധു ആർ. ബാബുവിലേക്കും മാറ്റി നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.11/23.07** **എൻ. എസ്. എസ്.-ന്റേയും എൻ.സി.സി.-യുടേയും വിദ്യാർത്ഥികളെ ഉൾപ്പെടുത്തി എം. ജി. സർവ്വകലാശാല "MGU TEAM ON SPOT" എന്ന പേരിൽ ഒരു ദുരന്ത നിവാരണ സന്നദ്ധ സേന രൂപീകരിക്കുന്നത് സംബന്ധിച്ച്.**

ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെ സേവനം ഉറപ്പാക്കുന്നതിനായി, ആവശ്യമായ പരിശീലനം നൽകി സന്നദ്ധ സേനക്കായി സജ്ജമായി നിലനിർത്തുന്നതിന് എം. ജി. സർവ്വകലാശാല "MGU TEAM ON SPOT" എന്ന പേരിൽ, അഫിലിയേറ്റഡ് കോളേജുകളിലെ എൻ.എസ്.എസ്.-ന്റേയും എൻ.സി.സി.-യുടേയും വിദ്യാർത്ഥികളെ ഉൾപ്പെടുത്തി, ഒരു ദുരന്ത നിവാരണ സന്നദ്ധ സേന രൂപീകരിക്കുന്നതിന് തീരുമാനിച്ചു. **(അനുബന്ധം - 2: ദുരന്തനിവാരണ സേനയുടെ വിശദാംശങ്ങൾ)**

**ഇനം.നമ്പർ: ഒ.എ.12/23.07/116613/AD A7-1/2022** **ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് (IUCDS)-ൽ ഓഫീസ് അസിസ്റ്റന്റ്, സ്പീച് തെറാപ്പിസ്റ്റ് ആയി സേവനമനുഷ്ഠിക്കുന്നവരുമായി കരാറിൽ ഏർപ്പെടുവാനുള്ള സെന്ററിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശിപാർശ പരിഗണിക്കുന്നത് സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി-സ്റ്റാഫ്-ന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.13/23.07** **അഫിലിയേറ്റഡ് കോളേജുകൾ സ്വയംഭരണ പദവി ലഭിക്കുന്നതിനായി യു.ജി.സി. ഓട്ടോണമസ് കോളേജ് പോർട്ടൽ മുഖേന ഓൺലൈൻ ആയി സമർപ്പിക്കുന്ന അപേക്ഷകളിൽ അഭിപ്രായം അറിയിക്കുന്നതിനായി സ്ഥിരം പരിശോധനാ സമിതി രൂപീകരിക്കുന്നത് -സംബന്ധിച്ച്.**

സ്വയംഭരണ പദവിയ്ക്കായി, സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകൾ യു.ജി.സി. പോർട്ടൽ മുഖേന സമർപ്പിയ്ക്കുന്ന അപേക്ഷകളിന്മേൽ സർവകലാശാലയുടെ അഭിപ്രായം സമയബന്ധിതമായി സമർപ്പിക്കുന്നതിനായി, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റജി സഖറിയ, ശ്രീ. ഹരികൃഷ്ണൻ പി., ഡോ. ഷജില ബീവി എസ്, ഡോ. ബാബു മൈക്കിൾ, ഡോ. സുധാകരൻ കെ. എം. എന്നിവരടങ്ങുന്ന ഒരു സ്ഥിരം പരിശോധന സമിതിയെ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒ.എ.14/23.07/120541/Ad A3/2023** **സർവകലാശാലയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്**

21.10.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനുട്സ് ഇനം നമ്പർ. ഒ.എ. 3/23.07 തീരുമാനപ്രകാരമുള്ള തസ്തിക പുനഃക്രമീകരണത്തിനു ശേഷമുള്ള ഒഴിവുകൾ മാത്രം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ: ഒഎ.15/23.07/61667/AC A9-3/2023** **PG CSS 2011 റഗുലേഷൻസ് – മുൻ ഭേദഗതി ഉത്തരവിന് അനുസൃതമായി റഗുലേഷൻസ് അനുച്ഛേദം 15, ഭേദഗതി ചെയ്യുന്ന വിഷയത്തിൽ – അക്കാദമിക് കൗൺസിൽ യോഗ തീരുമാനം – സിൻഡിക്കേറ്റിൻറെ പരിഗണനയ്ക്ക് സംബന്ധിച്ച് സമർപ്പിക്കുന്നത്:-**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി അക്കാദമിക് അഫയേഴ്സ്-ന്റെ പരിഗണനയിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ: ഒഎ.16/23.07/AcAVI/1/RG/86233/2023** **എറണാകുളം, മഹാരാജാസ് കോളേജിലെ കെമിസ്ട്രി വിഭാഗത്തിൽ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ. ജോളി വി. ആൻറണി (Dr. Jolly V. Antony) റിസർച്ച് ഗൈഡായി പ്രവർത്തിക്കുവാനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി റിസർച്ച് ആന്റ് ഡെവലപ്മെന്റ്-ന്റെ പരിഗണനയിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ: ഒഎ.17/23.07/108792/EI 40-1/2023** **എം ബി എ – രണ്ടാം സെമസ്റ്റർ പരീക്ഷ ജൂൺ 2023 – ഇന്റേണൽ മാർക്ക് രേഖപ്പെടുത്തിയതിൽ തിരുത്തൽ വരുത്തുന്നതിന് പിഴ ഈടാക്കുന്നത് ഒഴിവാക്കി നൽകുന്നതിന് പ്രിൻസിപ്പൽ, ഡി സി സ്കൂൾ ഓഫ് മാനേജ്മെന്റ് & ടെക്നോളജി, വാഗമൺ സമർപ്പിച്ചിട്ടുള്ള അപേക്ഷ – സംബന്ധിച്ച്**

ഇന്റേണൽ മാർക്ക് രേഖപ്പെടുത്തിയതിൽ തിരുത്തൽ വരുത്തുന്നതിന് പിഴയീടാക്കുന്നത് ഒഴിവാക്കി നൽകണമെന്നാവശ്യപ്പെട്ട് പ്രിൻസിപ്പൽ, ഡി.സി സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി, വാഗമൺ സമർപ്പിച്ച അപേക്ഷയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റംഗം ഡോ. ഷജില ബീവി എസ്-നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ: ഒഎ.18/23.07/97391/AC A1-3/2021** **ശ്രീ നാരായണ ലോ കോളേജ് (സ്വാശ്രയം), പൂത്തോട്ട – സർക്കാരിന്റെയും ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടേയും അനുമതിക്ക് വിധേയമായി** Three year Unitary LL.B(Additional Batch) , LL.M(Commercial Law), LL.M(Criminal Law), Five year Integrated B.Com LL.B(Hons) **എന്നീ പ്രോഗ്രാമുകൾക്ക് 2021-22, 2022-23 അദ്ധ്യയന വർഷങ്ങളിൽ അനുവദിച്ച താൽക്കാലിക അഫിലിയേഷൻ ക്രമപ്പെടുത്തുന്നത് – സംബന്ധിച്ച്:-**

ശ്രീ നാരായണ ലോ കോളേജ് (സ്വാശ്രയം), പൂത്തോട്ട-യിൽ സർക്കാരിന്റെയും ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടേയും അനുമതിക്ക് വിധേയമായി Three year Unitary LL.B(Additional Batch) (60 seat) , LL.M(Commercial Law) (15 seat), LL.M(Criminal Law) (15 seat), Five year Integrated B.Com LL.B(Hons) (60 seat) എന്നീ പ്രോഗ്രാമുകൾക്ക് 2021-22, 2022-23 അദ്ധ്യയന വർഷങ്ങളിൽ അനുവദിച്ച താൽക്കാലിക അഫിലിയേഷൻ ക്രമപ്പെടുത്തി നൽകുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ: ഒഎ.19/23.07/116383/AD A7-1/2023** **സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ (COE)-ൽ ആരംഭിക്കാനിരിക്കുന്ന ഓൺലൈൻ എംബിഎ പ്രോഗ്രാമിന്റെ നടത്തിപ്പിനായി കോഴ്സ് കോർഡിനേറ്റർ, കോഴ്സ് മെൻറ്റർ എന്നീ താൽക്കാലിക തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച്.**

സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ (COE)–ൽ ആരംഭിക്കാനിരിക്കുന്ന ഓൺലൈൻ എംബിഎ പ്രോഗ്രാമിന്റെ നടത്തിപ്പിനായി കോഴ്സ് കോർഡിനേറ്റർ, കോഴ്സ് മെന്റർ എന്നീ താൽക്കാലിക തസ്തികകൾ അനുവദിക്കുന്നതിനും, ടി തസ്തികകളിൽ ഓരോ ആളെ വീതം യു.ജി.സി. ODL/OL Regulation 2020 നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് വിധേയമായി താൽക്കാലികമായി നിയോഗിക്കുന്നതിനും, ടി താൽക്കാലിക നിയോഗങ്ങളുടെ വേതനം, കരാർ കാലാവധി, സംവരണ ക്രമം എന്നിവ എം.കോം. ഓൺലൈൻ പ്രോഗ്രാമിന്റേതിന് സമാനമായി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.20/23.07/11585/AD A3-3/2023 NAAC സന്ദർശനവുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായി അനുവദിച്ച തുകയുടെ ക്രമീകരണ സമയം ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച് :**

NAAC സന്ദർശനവുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായി സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻ്റ് സ്റ്റാറ്റിസ്റ്റിക്സ്-ലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ രാജേഷ് ടി.എസ്.-ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുക 3,20,000/- രൂപ ക്രമീകരിക്കുന്നതിനുള്ള സമയപരിധി ടി തുക കൈപ്പറ്റിയ തീയതി മുതൽ ആറുമാസം വരെയായി ദീർഘിപ്പിച്ചുനൽകുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.21/23.07/48631/ADA7 SO/2023 യൂണിവേഴ്സിറ്റി സെന്റർ ഫോർ അൾട്രാഫാസ്റ്റ് സ്റ്റഡീസിൽ(UCUS) അനുവദിച്ച റിസേർച്ച് അസിസ്റ്റന്റ് തസ്തികക്ക് പകരം റിസർച്ച്/സയന്റിഫിക് ഓഫീസർ എന്ന തസ്തിക അനുവദിക്കുന്ന വിഷയം സംബന്ധിച്ച്:-**

യൂണിവേഴ്സിറ്റി സെന്റർ ഫോർ അൾട്രാഫാസ്റ്റ് സ്റ്റഡീസിൽ (UCUS) അനുവദിച്ച റിസേർച്ച് അസിസ്റ്റന്റ് തസ്തികക്ക് പകരം റിസർച്ച്/സയന്റിഫിക് ഓഫീസർ എന്ന തസ്തിക താൽക്കാലികമായി അനുവദിക്കുന്നതിനും, ടി തസ്തികയിൽ ഒരു വർഷ കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ 50000/- രൂപ പ്രതിമാസവേതനത്തിൽ താൽക്കാലിക നിയോഗം നടത്തുന്നതിനും, ടി തസ്തികയുടെ യോഗ്യത ബന്ധപ്പെട്ട മേഖലയിലുള്ള പി.എച്ച്.ഡി. ബിരുദവും പ്രവൃത്തിപരിചയവുമായി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.22/23.07/107740/AD A5-4/2023 SNSNT, SEM, SPST & IIUCNN പഠന വകുപ്പുകളിൽ ലാബ് അസിസ്റ്റന്റ്മാരുടെ താൽക്കാലിക നിയമനം – സംബന്ധിച്ച് –**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി സ്റ്റാഫ്-ന്റെ പരിഗണനയിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.23/23.07/24007/p&D1/3/2019 മുല്ലയാർ/പെരിയാർ സ്റ്റാഫ് ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ പെയിന്റിംഗ് ചെയ്യുന്നതിനായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 22,13,800/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് – സംബന്ധിച്ച്:-**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ഫിനാൻസ്-ന്റെ പരിഗണനയിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.24/23.07/88746/FO SECTION-ASSISTANT2/2023 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മഹാത്മാഗാന്ധി സർവ്വകലാശാല 2019- 20 വർഷത്തെ റിപ്പോർട്ടിനുള്ള മറുപടികൾ സിൻഡിക്കേറ്റ് മുൻപാകെ പരിശോധനക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നത് സംബന്ധിച്ച്.**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ 2019-20 വർഷത്തെ കണക്കുകൾ ഓഡിറ്റ് നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള തടസ്സവാദങ്ങൾക്ക് വിവിധ സെക്ഷനുകളിൽനിന്നും ലഭിച്ച മറുപടികൾ (അനുബന്ധം 3) അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.25/23.07/125299/ACCOUNTS 3-2/20232022-2023 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ AIMS ഫോർമാറ്റിൽ തയ്യാറാക്കിയത് അംഗീകരിക്കുന്നതിനും AIMS വെബ് സൈറ്റിൽ**

അപ്‌ലോഡ് ചെയ്യുന്നതിനുള്ള അനുമതിയും സംബന്ധിച്ച്

2022–2023 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ AIMS ഫോർമാറ്റിൽ തയ്യാറാക്കിയത് (അനുബന്ധം–4) അംഗീകരിക്കുന്നതിനും, ആയത് AIMS വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനും തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.26/23.07/121410/FO SECTION-ASSISTANT1/2023** **2023-24 സാമ്പത്തിക വർഷ ബജറ്റ് ശീർഷകമായ " 22 201 04 – Printing , Stationery, Paper & Computer Consumables"-ൽ അധിക തുക വകയിരുത്തുന്നത് സംബന്ധിച്ച് :**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ഫിനാൻസ്-ന്റെ പരിഗണനയിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.27/23.07/100727/ACA6 SO/2023** **എറണാകുളം മഹാരാജാസ് കോളേജിലെ കോമേഴ്സ് വിഭാഗത്തിൽ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ. സ്വപ്ന ആർ (Dr. Swapna R.) റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി റിസർച്ച് ആന്റ് ഡെവലപ്മെന്റ്-ന്റെ പരിഗണനയിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.28/23.07/102530/AC A10-4/2023** **പി.എച്ച്.ഡി. പ്രോഗ്രാം – ഗവേഷണ മാർഗദർശികൾ** Retired/Adjunct/ Deputational/Transferred **എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട ഗവേഷകരുടെ ഗവേഷണ കാലാവധി ദീർഘിപ്പിച്ചു നൽകുന്ന വിഷയത്തിൽ പുറപ്പെടുവിച്ച ഉത്തരവുകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി റിസർച്ച് ആന്റ് ഡെവലപ്മെന്റ്-ന്റെ പരിഗണനയിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.29/23.07/60383/AC A7-2/2023/ACAD** **അൺ എയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ-സർവ്വകലാശാലയിൽ അഫിലിയേഷനുള്ള കോളേജുകളിൽ നടത്തപെടുന്ന പ്രോഗ്രാമുകൾ താത്കാലികമായി നിർത്തലാക്കു ന്നതിനും പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷകൾ സംബന്ധിച്ച് :-**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി അഫിലിയേഷൻ & അപ്പ്രൂവൽ-ന്റെ പരിഗണനയിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം .നമ്പർ:ഒഎ.30/23.07/No.AcAVI/1/RG/678/2023** **തേവര സേക്രഡ് ഹാർട്ട് കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. സെബാസ്റ്റ്യൻ ജോൺ (Dr. Sebastian John) റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാ ശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി റിസർച്ച് & ഡെവലപ്പ്മെന്റ്-ന്റെ പരിഗണനയിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.31/23.07/58080/AC A6-3/2022** **കോട്ടയം അഗ്രോ ബയോ ടെക് റിസർച്ച് സെന്റർ (ABTEC)നെ സർവ്വകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നത് പരിഗണി ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ABTEC മേധാവി**

**സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ നിയോഗിച്ച ഇൻസ്പെക്ഷൻ കമ്മീഷന്റെ റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കു സമർപ്പിക്കുന്നത് സംബന്ധിച്ച് .**

കോട്ടയം അഗ്രോ ബയോ ടെക് റിസർച്ച് സെന്റർ (ABTEC)–നെ സർവ്വകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നതിനും, Agro Biotech Research Centre Ltd.–ലെ Dr. Mithilesh Jaiswa, Sr. Research Scientist, with specializtion in Microbiology, Dr. Hemand Aravind, Research Scientist with specializtion in Bio Chemistry എന്നിവരെ ടി ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡുമാരായി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.32/23.07/(75883/EB8–2/2023)** **കോഴഞ്ചേരി സെന്റ് തോമസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ സൂസൻ റ്റി. സുശീൽ സർവ്വകലാശാല യുജി പിജി പരീക്ഷ മൂല്യനിർണ്ണയ ചുമതലകളിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ–അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച്.**

അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.
(അനുബന്ധം 5)

**ഇനം. നമ്പർ:ഒഎ.33/23.07/(64556/EA2–1/2023)** **23.05.2023 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ് ഇനം നം.ഒഎ.18/23.03–നിലവിലുള്ള ജൂൺ എന്ന് സൂചിപ്പിച്ചിരിക്കുന്ന എല്ലാം കലണ്ടർ ആഗസ്റ്റ് വരെ ദീർഘിപ്പിക്കുന്ന തീരുമാനത്തിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച്.**

സ.ഉ.നം. 10702/EA2/2023/MGU തീയതി 17.10.2023 പ്രകാരം രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.
(അനുബന്ധം 6)

**ഇനം. നമ്പർ:ഒഎ.34/23.07/(124510/AC A1–2/2023** **സർട്ടിഫിക്കറ്റുകളിലെ പേരു തിരുത്തലുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 04.10.2023തീയതിയിൽ ബഹു. വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ ശിപാർശകൾ – സിന്റിക്കേറ്റിന്റെ പരിഗണനയ്ക്കു സമർപ്പിക്കുന്നത് – സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി എക്സാമിനേഷൻ–ന്റെ പരിഗണനയിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.35/23.07/(106704/P&D 2-1/2023)** **കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജും മഹാത്മാഗാന്ധി സർവ്വകലാശാലയുമായി അക്കാദമിക ഗവേഷണ മേഖലകളിൽ സഹകരിച്ച്പ്രവർത്തിക്കുന്നതിന് വേണ്ടി ഒരു ധാരണാപത്രം ഒപ്പിടുന്നതിനുള്ള സാദ്ധ്യത അന്വേഷിച്ചുകൊണ്ട് സ്കൂൾ ഓഫ് ബയോസയൻസസ് ഡയറക്ടർ ഡോ. ജിഷ എം. എസ് സമർപ്പിച്ചിട്ടുള്ള അപേക്ഷ – സംബന്ധിച്ച്–**

കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജും മഹാത്മാഗാന്ധി സർവ്വകലാശാലയുമായി താഴെ പ്രതിപാദിച്ചിരിക്കുന്ന അക്കാദമിക ഗവേഷണ മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിന് വേണ്ടി ഒരു ധാരണാപത്രം ഒപ്പിടുന്നതിനു തീരുമാനിച്ചു.

1. Collaborative Research areas: – antimicrobial resistance (AMR), infectious diseases, microbiology, vascular diseases, nanotechnology, biotechnology, molecular biology, advanced diagnosis and

treatment of diseases, bioinformatics, cancer biology and other relevant thematic areas demanded time to time.

2. Development of strategies and guidelines of major societal issues
3. Sharing Expertise, Information, training for faculties, students and start ups
4. Sharing the facilities of Human and Animal Ethical Committees of both the parties
5. Co-supervision of Masters and Doctoral students
6. Sharing the instrumentations facilities and library for research and teaching for faculties and students from both the parties
7. Community based research initiatives, conferences and outreach programs about a societal issue
8. MGU will be supporting emerging startups and incubation, guidance will be given through Business innovation and incubation center
9. The above objectives are planning to be done as joint collaborative work of faculty members of MGU and Government Medical College. National/International partnership and industry funding may be sought on mutual agreement between the parties.

**ഇനം. നമ്പർ:ഒഎ.36/23.07** **Business Innovation and Incubation Centre (BIIC) റീജിയണൽ സെന്ററുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്.**

Business Innovation and Incubation Centre (BIIC) റീജിയണൽ സെന്ററുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ഹരികൃഷ്ണൻ പി., ഡോ. ബൈജു കെ.ആർ. എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.37/23.07/180476/CBCSS 21-3/2021/CBCSS 21 അയ്യപ്പാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, പീരുമേട് - സി.ബി.സി.എസ് ബി കോം മോഡൽ II ലോജിസ്റ്റിക്സ് മാനേജ്മെന്റ്, ബിബിഎ, ബിസിഎ എന്നീ പ്രോഗ്രാമുകളിലെ 2020 അഡ്മിഷൻ അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾ ഓപ്പൺ കോഴ്സ് മാറി പഠിച്ചതുമായി ബന്ധപ്പെട്ട് സ്റ്റാൻഡിങ് കമ്മിറ്റി പരീക്ഷയുടെ കൺവീനർ സമർപ്പിച്ച റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുന്നത് സംബന്ധിച്ച് :-**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി എക്സാമിനേഷൻ-ന്റെ പരിഗണനയിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.38/23.07** **സ്കൂൾ ഓഫ് ഇന്റെർ നാഷണൽ റിലേഷൻസ് & പൊളിറ്റിക്സിൽ കൊറിയ സെന്റർ ആരംഭിക്കുന്നതിനായി അക്കാദമി ഓഫ് കൊറിയൻ സ്റ്റഡീസ്, റിപ്പബ്ലിക് ഓഫ് കൊറിയ അനുവദിച്ച തുകയിലെ ഓവർ ഹെഡിന്റെ വിനിയോഗം സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ഫിനാൻസിന്റെ പരിഗണനയിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.39/23.07** **സർവ്വകലാശാല ഗസ്റ്റ് ഹൗസ് കിച്ചൻ മോഡിഫിക്കേഷൻ & അലൈഡ് വർക്ക്സ്- സർവ്വകലാശാല എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

സർവ്വകലാശാല ഗസ്റ്റ് ഹൗസ് കിച്ചൻ മോഡിഫിക്കേഷൻ & അലൈഡ് വർക്കുകളുമായി ബന്ധപ്പെട്ട് സർവ്വകലാശാല എഞ്ചിനീയർ സമർപ്പിച്ച Rs.6,20,000/- (അറ് ലക്ഷത്തി ഇരുപതിനായിരം രൂപ) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനു തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.40/23.07** **പല്ലന മെൻസ് ഹോസ്റ്റലിന്റെ പെയിന്റിംഗിനും അനുബന്ധ ജോലികൾക്കുമായി സർവ്വകലാശാല എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ് സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി-ഫിനാൻസിന്റെ പരിഗണനയിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.41/23.07** **ഡയറക്ടേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് (DASP)എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് സിൻഡിക്കേറ്റ് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച്.**

സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ഹരികൃഷ്ണൻ പി., ഡോ.എ. ജോസ്, ഡോ. ബി. കേരളവർമ്മ, എന്നിവരെ ഡയറക്ടേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് (DASP)-ന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.42/23.07** **സ്കൂൾ ഓഫ് ഫുഡ് സയൻസ് & ടെക്നോളജി പഠന വകുപ്പിലെ ടെക്നിക്കൽ അസിസ്റ്റന്റ്, ലാബ് അസിസ്റ്റന്റ് നിയമനം സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി-സ്റ്റാഫിന്റെ പരിഗണനക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.43/23.07/p&d-1/2/3173/2011/admn** **സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ കോൺട്രാക്ടറായ M/s Anchor Infrastructure-ന് RAB 8-ന്റെ പേയ്മെന്റ് ആയി ₹19,40,972 /- അനുവദിക്കുന്നത് സംബന്ധിച്ച് :-**

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ കോൺട്രാക്ടറായ M/s Anchor Infrastructure ന് RAB 8-ന്റെ പേയ്മെന്റ് താഴെ പറയും പ്രകാരം അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു.

| Particulars | Amount |
|---|---|
| Value of work done since RAB 7 | 20,50,754.99 |
| Value of work done since RAB 7, including 18% GST | 24,19,890.99 |
| recoveries / Deductions from the bill | |
| Security deposit @ 2.5% of gross amount | 60,497 |
| Income tax @ 2% of value before GST - | 41,015 |
| GST -TDS - @ 2% of value before GST | 41,015 |
| KCWWF @ 1% of cost of construction | 24,199 |
| **Total Recoveries** | **1,66,727** |
| **Net Amount Payable to contractor** | **₹22,53,163/-** |

1. കോൺട്രാക്ടർക്ക് അനുവദിക്കാവുന്ന ആകെ തുകയായ Rs.22,53,163/- രൂപയിൽ നിന്നും RAB 7 വരെയുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് നൽകിയ തുകകളിൽ നിന്നും കോൺട്രാക്ടറുടെ കൈയിൽ അവശേഷിക്കുന്ന അധിക തുകയായ Rs.312191.76/- രൂപ കിഴിവ് വരുത്തിയശേഷമുള്ള തുകയായ Rs.1940972.23/- (പത്തൊൻപതു ലക്ഷത്തി നാല്പതിനായിരത്തി തൊള്ളായിരത്തി എഴുപത്തിരണ്ട് രൂപ മാത്രം) അനുവദിക്കുന്നതിനും, പ്രസ്തുത തുകകൾ സർവ്വകലാശാലയുടെ നടപ്പ് സാമ്പത്തിക വർഷത്തെ "2132203 a-Buldings'(Plan)" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

2. RAB 5 (balance payment) - RAB 7 വരെയുള്ള ബില്ലുകളുടെ പേയ്മെന്റിനായി 2 കോടി രൂപ ഡിഡക്ഷൻസ് ഒന്നും വരുത്താതെ സർവകലാശാല നേരിട്ട് കോൺട്രാക്ടറായ M/s Anchor Infrastructure- ന് നല്കിയതിനാൽ, ഡിഡക്ഷൻ ഇനത്തിൽ വരുന്ന ₹15,66,465/- (Deductions to be made

from RAB 5- RAB 7) രൂപ tripartite agreement-ന് മുൻപുള്ളതായതിനാൽ ടി തുക അടക്കുന്നതിന് KITCO-യ്ക്ക് നിർദ്ദേശം നൽകുന്നതിനും, കൂടാതെ, ഈ തുക KITCO-യുടെ അക്കൗണ്ടിൽ ഡെപോസിറ്റ് ചെയ്തിട്ടുള്ള advance amount-ൽ നിന്നും അടച്ച് കോൺട്രാക്ടറുടെ അക്കൗണ്ടിൽ നിന്നും കുറവ് ചെയ്ത് ബില്ല് സമർപ്പിക്കുന്നതിനും advance amount-ന്റെ യൂട്ടിലൈസേഷൻ സമർപ്പിച്ച് account settle ചെയ്യുന്നതിനുമുള്ള നിർദേശവും KITCO-യ്ക്ക് നൽകുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.44/23.07/130851/AD A4-1/2023** **സർവ്വകലാശാലയിലെ താൽക്കാലിക സുരക്ഷാ വിഭാഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്:-**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ഫിനാൻസിന്റെ പരിഗണനക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.45/23.07** **Digilocker മുഖേന നൽകുന്ന മാർക്ക് ലിസ്റ്റുകൾ സർട്ടിഫിക്കറ്റുകൾ തുടങ്ങിയ ആധികാരിക രേഖയായി പരിഗണിക്കുന്നത് സംബന്ധിച്ച്.**

Digilocker സംവിധാനം മുഖേന അംഗീകൃത സ്ഥാപനങ്ങൾ നൽകുന്ന മാർക്ക് ലിസ്റ്റുകൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഡ്മിഷനും മറ്റ് ആവശ്യങ്ങൾക്കുമായി വരുന്ന വിദ്യാർത്ഥികളുടെ വിവിധ ആവശ്യങ്ങൾക്കായുള്ള ആധികാരിക രേഖയായി പരിഗണിക്കുന്നതിനും, Digilocker മുഖേന നൽകുന്ന മാർക്ക് ലിസ്റ്റുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ പരിശോധിച്ച് ബോധ്യപ്പെടുന്ന പക്ഷം ടി രേഖകളുടെ ഫിസിക്കൽ പകർപ്പുകൾ ഹാജരാക്കാൻ ആവശ്യപ്പെടുന്നത് ഒഴിവാക്കുന്നതിനും തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.46/23.07/43638/AdB4/2023** **സർവ്വകലാശാലയിലെ വിവിധ സെക്ഷനുകളുടെ ആവശ്യത്തിനായി IT സെല്ലിലേക്ക് പുതിയ 50 എണ്ണം മിനി പി.സി. കൾ റിപ്പീറ്റ് ഓർഡർ നൽകി വാങ്ങുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയിലെ വിവിധ സെക്ഷനുകളുടെ ആവശ്യത്തിനായി IT സെല്ലിലേക്ക് Intel Core i3 (Linux) ഡെസ്ക് ടോപ്പ് കംപ്യൂട്ടറുകൾ (50 എണ്ണം) നികുതി ഉൾപ്പെടെ ആകെ 14,66,350/- രൂപ (പതിനാലു ലക്ഷത്തി അറുപത്തി ആറായിരത്തി മുന്നൂറ്റി അൻപത് രൂപാ മാത്രം)(29327 x 50) ചെലവിൽ M/S Amvion Labs, Chennai എന്ന സ്ഥാപനത്തിൽ നിന്നും റിപ്പീറ്റ് ഓർഡർ നൽകി വാങ്ങുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.47/23.07/(98460/DSS-1/2022)** **സ.ഉ.നം 8711/DSS/2023/MGU തീയതി 05.08.2023 പ്രകാരം സർവ്വകലാശാല യുവജനോത്സവ നിയമാവലി പരിഷ്കരിക്കുന്നതിലേക്കായി രൂപീകരിച്ച സമിതിയുടെ നിർദ്ദേശങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനയിലേക്ക് സമപ്പിക്കുന്നത് സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി-സ്റ്റുഡൻസ് ഡിസിപ്ലിൻ, വെൽഫെയർ & ഗ്രീവൻസസ്-ന്റെ പരിഗണനയിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.48/23.07/ACB1/1/2038/2022** **സ്ഥിരം പ്രിൻസിപ്പൽ ഇല്ലാത്ത സ്വകാര്യ എയ്ഡഡ് കോളേജുകളിലെ DDO നിയമനവുമായി ബന്ധപ്പെട്ട് 04-07-2023 ൽ Director of Collegiate Education, CPM(Spark), കോളേജ് ഡെപ്യൂട്ടി ഡയറക്ടറുമാർ എന്നിവരെ ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിയ മീറ്റിങ്ങിലെ മിനിട്സ് അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് സർവകലാശാല യോട് ആവശ്യപ്പെട്ടുകൊണ്ടുള്ള ഉന്നത വിദ്യഭ്യാസ വകുപ്പ് സെക്രട്ടറിയുടെ HEDN-D1/142/2023-HEDN തീയതി 27.09.2023 കത്ത് സംബന്ധിച്ച്-**

സർവ്വകലാശാലയുടെ കീഴിലുള്ള എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പൽ, ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ എന്നിവരുടെ നിയമനം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ഈ

ആക്ടിന്റെ ചുവടുപിടിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ, സർക്കാരും എയ്ഡഡ് കോളേജുകളും തമ്മിൽ ഏർപ്പെട്ടിട്ടുള്ള ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ്. സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിലെ അദ്ധ്യായം 45, ഭാഗം E, സ്റ്റാറ്റ്യൂട്ട് 78 പ്രകാരം സർക്കാരുമായി ഡയറക്ട് പേയ്മെന്റ് അംഗീകരിച്ചിട്ടുള്ള കോളേജുകളിലെ നിയമനാംഗീകാരം ലഭിച്ചിട്ടുള്ള പ്രിൻസിപ്പൽമാർ ആയിരിക്കും പ്രസ്തുത കോളേജുകളിലെ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി പ്രവർത്തിക്കേണ്ടത്. പ്രിൻസിപ്പലിന്റെ അഭാവത്തിലോ, പ്രിൻസിപ്പൽ നിയമനത്തിന്റെ അംഗീകാരം വൈകുന്ന വേളയിലോ കോളേജിലെ ഒരു സീനിയർ അദ്ധ്യാപകനെ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസറായി സർവ്വകലാശാലയുടെ അംഗീകാരത്തോടെ നിയമിക്കാമെന്നുള്ളത് ഈ സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ കേരള നിയമസഭ പാസ്സാക്കിയിട്ടുള്ള സർവ്വകലാശാല ആക്ടിന്റെ വ്യവസ്ഥകൾ (സെക്ഷൻ 36) പാലിച്ചുകൊണ്ട് സർക്കാരിന്റെ അംഗീകാരത്തോടെയും ചാൻസലറുടെ അനുമതിയോടെയും പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും 27.09.2023 തീയതിയായി ലഭിച്ചിട്ടുള്ള കത്തിൽ ഉള്ളടക്കമായി ചേർത്തിട്ടുള്ള ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ നിയമനം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിനുള്ള നിയമപരമായ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും, ഈ വിഷയത്തിൽ നിയമോപദേശം തേടുന്നതിനും, ആയത് ലഭിക്കുന്നതുവരെ സർവ്വകലാശാലയിൽ പിൻതുടരുന്ന ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസറിന്റെ നിയമനാംഗീകാര രീതി തുടരുന്നതിനും തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.49/23.07/50256/AC B2-2/2023** **സെന്റ് ജോർജ്ജ് കോളേജ്, അരുവിത്തുറ - ഡോ. സിബി ജോസഫ്-ന്റെ പ്രിൻസിപ്പൽ നിയമനാംഗീകാര ശുപാർശ - സംബന്ധിച്ച്.**

അരുവിത്തുറ, സെന്റ് ജോർജ്ജ് കോളേജ് പ്രിൻസിപ്പലായി നിയമിതനായ ഡോ. സിബി ജോസഫ് -ന് യു.ജി.സി റെഗുലേഷൻസ് 2018, 4.1 (V) (A) പ്രകാരം പ്രിൻസിപ്പൽ തസ്തികയിലേക്ക് നിയമിതനാകുന്നതിന് ആവശ്യമായ യോഗ്യതകൾ ഉള്ളതിനാൽ, ടിയാളുടെ നിയമനം SLP No. 5780/ 2023 - മേലുള്ള ബഹു. സുപ്രിംകോടതിയുടെ അന്തിമ വിധിക്ക് വിധേയമായി, 04.04.2023 പൂർവാഹ്നം മുതൽ ടിയാളുടെ വിരമിക്കൽ തീയതി വരെയോ, അല്ലെങ്കിൽ 5 വർഷം വരെയോ, ഏതാണോ ആദ്യം, അതുവരെ അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.50/23.07/11843/AC B2-3/2023** **ഭാരത മാതാ കോളേജ്, തൃക്കാക്കര - ഡോ. ജോൺസൺ കെ.എം.-ന്റെ സ്ഥാനക്കയറ്റം മുഖേനയുള്ള പ്രിൻസിപ്പൽ നിയമനാംഗീകാരം - 11.01.2023ലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പരിപത്ര പ്രകാരം അപേക്ഷ പുനഃസമർപ്പിക്കുന്നത് സംബന്ധിച്ച്.**

ഭാരത മാതാ കോളേജ്, തൃക്കാക്കര പ്രിൻസിപ്പലായി നിയമിതനായ ഡോ. ജോൺസൺ കെ എം-ന് യു.ജി.സി റെഗുലേഷൻസ് 2018, 4.1 (V) (A) പ്രകാരം പ്രിൻസിപ്പൽ തസ്തികയിലേക്ക് നിയമിതനാകുന്നതിന് ആവശ്യമായ യോഗ്യതകൾ ഉള്ളതിനാൽ, ടിയാളുടെ നിയമനം SLP No. 5780/2023-മേലുള്ള ബഹുഃസുപ്രിംകോടതിയുടെ അന്തിമ വിധിക്ക് വിധേയമായി, 12.01.2023 പൂർവാഹ്നം മുതൽ ടിയാളുടെ വിരമിക്കൽ തീയതി വരെയോ, അല്ലെങ്കിൽ 5 വർഷം വരെയോ, ഏതാണോ ആദ്യം, അതുവരെ അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.51/23.07** **സർവ്വകലാശാലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ - സിൻഡിക്കേറ്റിന്റെ മുൻകൂർ അനുമതി വാങ്ങുന്നത് സംബന്ധിച്ച്:-**

സർവ്വകലാശാലയിലെ സാമ്പത്തിക സ്ഥിതി വളരെ ഗുരുതരമായ സാഹചര്യത്തിൽ, സർവ്വകലാശാലയിലെ അഞ്ചു ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ മുൻകൂർ അനുമതി വാങ്ങുന്നതിനും, സിൻഡിക്കേറ്റിന്റെ അനുമതി

ലഭ്യമായ പ്രവ്യത്തികൾക്ക് മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, അപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ അംഗീകരിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.52/23.07/194188/AD B4-1/2022** **സർവ്വകലാശാലയിലെ വിവിധ സെന്ററുകളിലേയ്ക്കും, പഠന വകുപ്പുകളിലേയ്ക്കും ആവശ്യമായ ഇന്ററാക്ടീവ് പാനലുകൾ L1 സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനുള്ള തീരുമാനം ടെക്നിക്കൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കുന്നത് – സംബന്ധിച്ച്.**

11.09.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിലെ ഇനം നമ്പർ ഒ.എ.22/23.06/194188/Ad B4-1/2022 തീരുമാനം റദ്ദ ചെയ്യുന്നതിനും,

1. സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകൾ/സെന്ററുകളിലേക്കുള്ള ഇന്ററാക്ടീവ് പാനലുകൾ (65" – 18 Nos., 86" – 1 No.) ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ച് Senses brand ഇന്ററാക്ടീവ് പാനലുകളുടെ വിതരണക്കാരായ M/s. Resolute Enterprises, Changanassery എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനും,

2. സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകൾ/സെന്ററുകളിലേക്കായി ആകെ 26 പ്രൊജക്ടറുകൾ – Standard Throw (20 Nos) – 6,90,000/- രൂപക്കും (ആറ് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) ; Short Throw (06 Nos) – 2,37,180/- രൂപക്കും (രണ്ട് ലക്ഷത്തി മുപ്പത്തിയേഴായിരത്തി ഒരുന്നൂറ്റിയെൺപത് രൂപ മാത്രം) L1 ആയി quote ചെയ്തിട്ടുള്ള M/s.Resolute Enterprises, Changanassery എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനും,

3. ഇന്ററാക്ടീവ് പാനലുകൾക്കായി Mounting Stand (27 Nos), L1 ആയി quote ചെയ്തിട്ടുള്ള M/s.Sephora Info Solutions Private Limited, Kochi എന്ന സ്ഥാപനത്തിൽ നിന്നും 2,13,462/- രൂപക്ക് വാങ്ങുന്നതിനും,

4. പ്രസ്തുത വാങ്ങലുകളുടെ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ '21 101 03 i – Promotion of Research : Equipments, Chemicals, Consumables for the Statutory Departments of the University ' എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനം. നമ്പർ:ഒഎ.53/23.07/30/AC A6-2/2023** **പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന്റെ തിരഞ്ഞെടുപ്പിനുള്ള പരിഷ്കരിച്ച മാർഗനിർദേശങ്ങളും റിസർവേഷൻ മാനദണ്ഡവും – യൂണിവേഴ്സിറ്റി റിസർച്ച് കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് – സിന്ഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങൾ അംഗീകരിച്ച്, 09.06.2023 തീയതിയിലെ യു.ഒ. നമ്പർ 6466/AC A6/2023/എം.ജി.യു പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, 16.06.2023 തീയതിയിൽ ചേർന്ന യൂണിവേഴ്സിറ്റി റിസർച്ച് കമ്മിറ്റി, പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ് അനുവദിക്കുന്നതിൽ സ്വീകരിക്കേണ്ട മാർഗ്ഗനിർദേശങ്ങൾ, റിസർവേഷൻ പോളിസി, റോസ്റ്ററുകൾ എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ ഡയറക്ടർ ഓഫ് റിസർച്ചിനെ ചുമതലപ്പെടുത്തുന്നതിന് ശുപാർശ ചെയ്തു.

പ്രസ്തുത ശുപാർശ വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായത് പ്രകാരം പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന്റെ തിരഞ്ഞെടുപ്പ്, റിസർവേഷൻ പോളിസി എന്നിവ സംബന്ധിച്ചുള്ള പരിഷ്കരിച്ച മാർഗനിർദേശങ്ങൾ ഡയറക്ടർ ഓഫ് റിസർച്ച് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിന്മേൽ യൂണിവേഴ്സിറ്റി റിസർച്ച് കമ്മിറ്റി വിശദമായ ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശുപാർശകൾ സമർപ്പിക്കുകയും ചെയ്തു.

കമ്മിറ്റിയുടെ ശുപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 , അധ്യായം 3 സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 14.09.2023 തീയതിയിലെ നമ്പർ 9708/ACA 6/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും 1985 ലെ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം, അദ്ധ്യായം V, 40(1) വകുപ്പ് പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം. നമ്പർ:ഒഎ.54/23.07/83723/AD A3-4/2023** **സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ ഗവ. ഉത്തരവുകൾ പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

1. GO(P) No.99/2023/Fin, Dated 16.09.2023

   പേസ് മേക്കർ ഇമ്പ്ലാന്റേഷന് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് 21 ദിവസം വരെ പ്രത്യേക ആകസ്മികാവധി അനുവദിക്കുന്നത് സംബന്ധിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു. പുറത്തെഴുത്ത് നം. 83723/AD A 3-4/2023/AD A3 തീയതി, 07/10/2023

2. സ.ഉ.(അച്ചടി)നം.102/2023/ധന, തീയതി 26.09.2023

   ഡയാലിസിസിന് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് 15 ദിവസം വരെ പ്രത്യേക ആകസ്മികാവധി അനുവദിക്കുന്നത് സംബന്ധിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു. പുറത്തെഴുത്ത് നം. 83723/AD A 3-4/2023/AD A3 തീയതി, 09/10/2023

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ 3.10(17) വകുപ്പ് അനുസരിച്ച് വൈസ് ചാൻസലർ മേല്പറഞ്ഞ ഉത്തരവുകൾ സർവ്വകലാശാലയില് നടപ്പാക്കുന്നതിന് കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല പുറത്തെഴുത്തുകളും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം. നമ്പർ:ഒഎ.55/23.07/98430/AC A1-2/2023** **സർവ്വകലാശാല നൽകിവരുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ ക്രോഡീകരിച്ചുകൊണ്ട്/നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പരിഷ്കരിയ്ക്കുന്നതിനുള്ള തീരുമാനം – മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം ബഹു.വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച് :-**

സർവ്വകലാശാല നൽകിവരുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ ക്രോഡീകരിച്ചുകൊണ്ട്/നിശ്ചയിച്ചുകൊണ്ട് ചുവടെ പ്രതിപാദിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

1. സർവ്വകലാശാല ഉത്തരവ് നമ്പർ. 6117/AC A1/2023/എം.ജി.യു തീയതി 31.05.2023
2. സർവ്വകലാശാല ഉത്തരവ് നമ്പർ. 8609/ACA1/2023/എം.ജി.യു തീയതി 03.08.2023
3. സർവ്വകലാശാല ഉത്തരവ് നമ്പർ .9756/AC A1/2023/എം .ജി.യു തീയതി 15.09.2023
4. സർവ്വകലാശാല ഉത്തരവ് നമ്പർ. 10082/ACA1/2023/എം.ജി.യു തീയതി 25.09.2023

ടി ഉത്തരവുകൾ പരിഷ്കരിക്കുവാൻ തീരുമാനിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം, വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 12.10.2023-ലെ 10595/AC A1/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തില് റിപ്പോർട്ട് ചെയ്തു.

**ഇനം. നമ്പർ:ഒഎ.56/23.07/p&d-1/2/3173/REG SECT/admn** **മുട്ടം ക്യാമ്പസ്സിലെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് കെട്ടിട നിർമാണം - സർവകലാശാലയും, കിറ്റ്കോയും, കോൺട്രാക്ടറും തമ്മിൽ ഏർപ്പെടുന്നതിനുള്ള tripartite agreement- മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 , അധ്യായം 3 സെക്ഷൻ 10(17) പ്രകാരമുള്ള സവിശേഷ അധികാരം ഉപയോഗിച്ച് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ Tripartite Agreement ൽ ഒപ്പ് വയ്ക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായതും -തദനുസരണം ഉത്തരവ് പുറപ്പെടുവിച്ചതും -സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്-സംബന്ധിച്ച്:-**

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സർവകലാശാല നിർമ്മാണ ഏജൻസിയായ M/s KITCO ltd, നിർമ്മാണ പ്രവൃത്തിയുടെ കോൺട്രാക്ടറായ M/s Anchor Infrastructure ഉം ഒപ്പിട്ട പരിഷ്കരിച്ച Tripartite Agreement ന്റെ അസ്സൽ 2187:DP-962:PP:2020, dated 14/08/2023 നം കത്ത് മുഖേന KITCO സമർപ്പിച്ചിരുന്നു.

വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം, Tripartite Agreement-ൽ ഒപ്പ് വയ്ക്കുന്നതിനുള്ള അനുമതി നൽകി കൊണ്ട് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 23.09.2023-ലെ 10033/P&D 1/2023/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തില് റിപ്പോർട്ട് ചെയ്യു.

**ഇനം. നമ്പർ:ഒഎ.57/23.07/86881/AC A2-3/2023** **ഗണിതശാസ്ത്ര ഗവേഷണം - 2022 പ്രവേശനം -ശ്രീമതി ദീപ എസ് നായർ-ന്റെ ഗവേഷണ കേന്ദ്രം എൻ. എസ്. എസ് കോളേജ്, ചങ്ങനാശ്ശേരി -യിലേക്കും ഗവേഷണ മാർഗദർശിത്വം ഡോ. ജെ സുരേഷ് കുമാർ, അസിസ്റ്റന്റ് പ്രൊഫസർ, എൻ. എസ്. എസ് കോളേജ്, ചങ്ങനാശ്ശേരി-യിലേക്കും മാറ്റി നാൽകുന്നത് അനുവദിച്ച നടപടി സിന്ഡിക്കേറ്റിലേക്കു റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച -**

21.09.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റി റിസേർച്ച് ആൻഡ് ഡവലപ്പമെന്റ് യോഗം, ശ്രീമതി. ദീപ എസ് നായർ-ന്റെ ഗവേഷണ കേന്ദ്രം എൻ.എസ്.എസ് കോളേജ്, ചങ്ങനാശ്ശേരി -യിലേക്കും ഗവേഷണ മാർഗദർശിത്വം ഡോ. ജെ സുരേഷ് കുമാർ, അസിസ്റ്റന്റ് പ്രൊഫസർ, എൻ.എസ്.എസ് കോളേജ്, ചങ്ങനാശ്ശേരി-യിലേക്കും മാറ്റി നൽകുന്നതിന് ശിപാർശ ചെയ്യു. ടി ശിപാർശ, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 12.10.2023 തീയതിയിലെ സ.ഉ.നം.10608/AC A2/2023/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തില് റിപ്പോർട്ട് ചെയ്യു.

**ഇനം. നമ്പർ:ഒഎ.58/23.07/95461/AD A7-3/2021** **ഇന്റർ സ്കൂൾ സെന്റർ- IIRBS ലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്ക് നടത്തപ്പെട്ട വാക്-ഇൻ-ഇന്റർവ്യൂ നടപടിക്രമങ്ങൾ സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ഇന്റർ സ്കൂൾ സെന്റർ- ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസ് (IIRBS)-ൽ ഒരു വർഷത്തെ കരാർ വ്യവസ്ഥയിൽ ടെക്നിക്കൽ അസിസ്റ്റന്റ് എന്ന താത്കാലിക തസ്തികയിലേക്ക് നിയോഗം നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ടി തസ്തികയിലേക്ക് നടത്തപ്പെട്ട ഇന്റർവ്യൂ നടപടിക്രമങ്ങൾ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ചുകൊണ്ട് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച, 11.10.2023-ലെ യു.ഒ നം.10574/AD A7/2023/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തില് റിപ്പോർട്ട് ചെയ്യു.

**ഇനം. നമ്പർ:ഒഎ.59/23.07/101662/El 33-2/2022** **യു.ഓ.നമ്പർ. 10679/El 33/2023/എം.ജി.യു തീയതി: 16.10.2023 പ്രകാരം, ഡോ .ഷജില ബീവി എസ്, സിൻഡിക്കേറ്റ് സ്റാന്റിംഗ് കമ്മറ്റി കൺവീനർ (പരീക്ഷ)_ സർവകലാശാലയിലെ മേഴ്സി ചാൻസ് പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സമർപ്പിച്ച പോളിസി റിപ്പോർട്ടിലെ ശിപാർശകൾ വൈസ് ചാൻസിലർ അംഗീകരിച്ച ഉത്തരവ് ആയത്- സംബന്ധിച്ച്:-**

സർവകലാശാല ഉത്തരവ് നമ്പർ 4847/El 33/2023/എം.ജി.യു തീയതി: 04.05.2023 പ്രകാരം ഡോ. ഷജില ബീവി എസ്, സിൻഡിക്കേറ്റ് സ്റാന്റിംഗ് കമ്മറ്റി കൺവീനർ (പരീക്ഷ)-നെ സർവകലാശാലയിലെ മേഴ്സി ചാൻസ് പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പോളിസി തയ്യാറാക്കുന്നതിന് സിൻഡിക്കേറ്റ് തീരുമാനപ്രകാരം ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 20.09.2023-ൽ ശിപാർശകൾ റിപ്പോർട്ട് ആയി സമർപ്പിച്ചിരുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം പ്രസ്തുത ശിപാർശകൾ സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച, 16.10.2023-ലെ 10679/El 33/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തില് റിപ്പോർട്ട് ചെയ്യു.

**ഇനം. നമ്പർ:ഒഎ.60/23.07/175396/AC A6-2/2022** **സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെലോഷിപ് - 2022-23 : - 113 ഗവേഷണ വിദ്യാർത്ഥികൾക്ക് ഫെലോഷിപ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് - സിന്ഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

21.09.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാൻഡിങ് കമ്മിറ്റി - റിസർച്ച് ആന്റ് ഡവലപ്മെന്റ് - യോഗ നടപടിക്രമങ്ങളുടെ ഇനം നമ്പർ : 175396/AcA6-2/2022 പ്രകാരം, യു.ഒ. നം.8687/AC A6/2023/എം.ജി.യു തീയതി 05.08.2023 പ്രകാരം രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി സമർപ്പിച്ച ശുപാർശകളും ശുപാർശ ചെയ്യപ്പെട്ട 113 ഗവേഷകരുടെ പട്ടികയും അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ശുപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 09.10.2023 തീയതിയിലെ നമ്പർ 10512/ACA 6/2023/എം.ജി.യു സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തില് റിപ്പോർട്ട് ചെയ്യു.

**ഇനം. നമ്പർ:ഒഎ.61/23.07/106277/AC A8-3/2023** **എടത്വ സെന്റ് അലോഷ്യസ് കോളേജിലെ മൂന്നാം വർഷ ബി.എസ്.സി .മാത്തമാറ്റിക്സ് വിദ്യാർത്ഥിയായ ശ്രീ. ശ്രീജിത്ത് സുബാഷ് തന്നെ അനധികൃതമായി കോളേജിൽ നിന്നും സസ്പെൻഡ് ചെയ്തു എന്ന് ആരോപിച്ചുകൊണ്ട് സർവ്വകലാശാല യൂണിയൻ അധ്യക്ഷൻ മുഖാന്തരം ബി.എ.എസ്.ജി. മുൻപാകെ സമർപ്പിച്ച പരാതിയിന്മേലുള്ള ശുപാർശകൾ അംഗീകരിച്ചുകൊണ്ട് ബഹു വൈസ് ചാൻസലർ പുറപ്പെടുവിച്ച ഉത്തരവ് സിണ്ടിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

എടത്വ സെന്റ് അലോഷ്യസ് കോളേജിലെ ബൈക്ക് പാർക്ക് ചെയ്യുന്ന ഷെഡ്ഡിൽ ,10.08.2023 ന് ക്ലാസ്സ് സമയത്ത് നിന്നിരുന്ന രണ്ടു വിദ്യാർത്ഥികളോട് കോളേജിലെ സെക്യൂരിറ്റി അപമര്യാദയായി പെരുമാറിയത് ചോദ്യം ചെയ്ത താനുൾപ്പെടെയുള്ള കുറച്ചു വിദ്യാർത്ഥികളെ, 13 .08 .2023 മുതൽ കോളേജ് അധികൃതർ അനധികൃതമായി സസ്പെൻഡ് ചെയ്തു എന്നാരോപിച്ചുകൊണ്ട് മൂന്നാം വർഷ ബി.എസ്സി വിദ്യാർത്ഥിയായ ശ്രീ ശ്രീജിത്ത് സുബാഷ് സർവകലാശാല യൂണിയൻ അദ്ധ്യക്ഷൻ മുഖാന്തരം ബി.എ.എസ്.ജി. മുൻപാകെ പരാതി സമർപ്പിച്ചിരുന്നു. ടി പരാതി 03.10.2023 ൽ നടന്ന ബി.എ.എസ്.ജി. ഹിയറിംഗിൽ പരിഗണിക്കുകയും ബി.എ.എസ്.ജി. ശുപാർശകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. ബി.എ.എസ്.ജി.-യുടെ ശുപാർശകൾ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ്ചാൻസിലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 04.10.2023-ലെ

U.O. No. 10367/AC A8/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തില് റിപ്പോർട്ട് ചെയ്തു.

**ഇനം. നമ്പർ:ഒഎ.62/23.07/111267/AC A9-1/2023** **Bharathiar University, Coimbatore-ൽ നിന്നുള്ള B.Sc. Artificial Intelligence and Machine Learning പ്രോഗ്രാമിനെ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നടന്നുവരുന്ന M.Sc.Artificial Intelligence പ്രോഗ്രാമിലേയ്ക്കുള്ള പ്രവേശന യോഗ്യതയിൽ ഉൾപ്പെടുത്തുന്നത് – അക്കാദമിക് കൗൺസിൽ തീരുമാനം – സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് :-**

Bharathiar University, Coimbatore ൽ നിന്നുള്ള B.Sc.Artificial Intelligence and Machine Learning പ്രോഗ്രാമിനെ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നടന്നുവരുന്ന M.Sc.Artificial Intelligence പ്രോഗ്രാമിലേയ്ക്കുള്ള പ്രവേശന യോഗ്യതയിൽ ഉൾപ്പെടുത്തുന്നതിനുള്ള, 13.09.2023 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ, മിനിറ്റ്സ് ഇനം നമ്പർ 90/111267/AC A9-1/2023 പ്രകാരമുള്ള തീരുമാനം, 1997 ലെ സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സ് അദ്ധ്യായം 39, ചട്ടം 3 പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം. നമ്പർ:ഒഎ.63/23.07/90539/AC A9-2/2023** **CBCS 2017 റഗുലേഷൻസ് പ്രകാരം അംഗീകരിക്കപ്പെട്ട B.A Journalism (New Media) Model III പ്രോഗ്രാമിന്റെ സിലബസിൽ പ്രവേശന യോഗ്യത ഉൾപ്പെടുത്തുന്നത് – അക്കാദമിക് കൗൺസിൽ തീരുമാനം – സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് :-**

ഇപ്രകാരം CBCS 2017 റഗുലേഷൻസ് പ്രകാരം അംഗീകരിക്കപ്പെട്ട B.A Journalism (New Media) Model III പ്രോഗ്രാമിന്റെ സിലബസിൽ പ്രവേശന യോഗ്യത ഉൾപ്പെടുത്തുന്ന വിഷയത്തിൽ, 13.09.2023 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗം, എക്സ്ട്രാക്റ്റ് ഇനം നമ്പർ 37/90539/Ac A9-2/2023 പ്രകാരം കൈക്കൊണ്ട തീരുമാനം 1997 ലെ സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സ് അദ്ധ്യായം 39, ചട്ടം 3 പ്രകാരം സിൻഡിക്കേറ്റ് യോഗത്തില് റിപ്പോർട്ട് ചെയ്തു.

**ഇനം. നമ്പർ:ഒഎ.64/23.07/61965/AC A12-3/2023** **ബി. കോം. പൂർത്തിയാക്കിയതിനു ശേഷം ഇതര സർവ്വകലാശാലകളിൽ നിന്നും Master of Arts in English (Regular) ബിരുദം നേടിയ വിദ്യാർത്ഥികൾക്ക് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബി.എഡ്. ഇംഗ്ലീഷ് പ്രോഗ്രാം പ്രവേശനത്തിനായി പ്രോഗ്രാം വൈസ് എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നൽകണമെന്ന അപേക്ഷയുമായി ബന്ധപെട്ട അക്കാദമിക് കൗൺസിൽ തീരുമാനം – സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ച്:**

ബി.കോം. പൂർത്തിയാക്കിയതിനു ശേഷം ഇതര സർവ്വകലാശാലകളിൽ നിന്നും Master of Arts in English (Regular) ബിരുദം നേടിയ വിദ്യാർത്ഥികൾക്ക് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബി.എഡ്. ഇംഗ്ലീഷ് പ്രോഗ്രാമിന് പ്രവേശനം അനുവദിച്ച അക്കാദമിക് കൗൺസിൽ തീരുമാനവും തദനുസരണം പുറപ്പെടുവിച്ച, സർവ്വകലാശാല ഉത്തരവ് നമ്പർ:10567/ACA 12/2023/എം.ജി.യു. തീയതി: 11.10.2023 സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985,അദ്ധ്യായം V, സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തില് റിപ്പോർട്ട് ചെയ്തു.

**ഇനം. നമ്പർ:ഒഎ.65/23.07/2560/AC A12-3/2023** **B.Sc. Computer Science ബി.എഡ്-നു യോഗ്യത വിഷയമായി പരിഗണിക്കണം എന്ന് ആവശ്യപ്പെട്ടു കൊണ്ട് ലഭിച്ച അപേക്ഷയുമായി ബന്ധപ്പെട്ട അക്കാദമിക് കൗൺസിൽ തീരുമാനം സംബന്ധിച്ച് :**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബി.എഡ്. പ്രോഗ്രാമിന്റെ IT/Mathematics/Physical Science എന്നീ Optionals - ന്റെ യോഗ്യത വിഷയമായി B.Sc Computer Science പ്രോഗ്രാം ഉൾപ്പെടുത്തിയ അക്കാദമിക് കൗൺസിൽ തീരുമാനവും, തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവ് നമ്പർ: 10570/ACA12/2023/എം.ജി.യു., തീയതി : 11.10.2023-ഉം, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം V, സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം. നമ്പർ:ഒഎ.66/23.07/93309/AC A12-1/2021** **മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ആരംഭിക്കുന്ന M.Voc. പ്രോഗ്രാമുകൾക്ക് പൊതുവായി ബാധകമാക്കുന്നതിലേക്കായി തയ്യാറാക്കിയ റഗുലേഷൻ - അക്കാദമിക്ക് കൗൺസിൽ അംഗീകരിച്ചത് - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് -**

സർവ്വകലാശാലയിൽ ആരംഭിക്കുന്ന M.Voc. പ്രോഗ്രാമുകൾക്ക് പൊതുവായി ബാധകമാക്കുന്നതിലേക്കായി തയ്യാറാക്കിയ റഗുലേഷൻ അംഗീകരിക്കുന്നതിനുള്ള അക്കാദമിക് കൗൺസിൽ തീരുമാനവും, തദനുസരണം പുറപ്പെടുവിച്ച 10.10.2023-ലെ 10540/AcA12/2023/mgu നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985,അദ്ധ്യായം V, സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം. നമ്പർ:ഒഎ.67/23.07/33076/AD A7-2/2022** **ഇന്റർ സ്കൂൾ സെന്റർ- IIRBS ൽ 2023-2024 അക്കാദമിക വർഷത്ത കോൺട്രാക്ട് ഫാക്കൽറ്റി(ബയോളജി, കമ്പ്യൂട്ടർ സയൻസ്) തസ്തികയിലേക്ക് നടത്തപ്പെട്ട വാക്-ഇൻ-ഇന്റർവ്യൂ നടപടിക്രമങ്ങൾ സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

ഇന്റർ സ്കൂൾ സെന്റർ- ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസ്(IIRBS)-ൽ 2023-2024 അക്കാദമിക വർഷത്തെ കോൺട്രാക്ട് ഫാക്കൽറ്റി (ബയോളജി, കമ്പ്യൂട്ടർ സയൻസ്) തസ്തികയിലേക്ക് നടത്തപ്പെട്ട ഇന്റർവ്യൂ നടപടിക്രമങ്ങൾ അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസലറുടെ ചുമതല വഹിച്ചിരുന്ന പ്രൊഫസ്സർ കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച യു.ഒ നം. 10259/AD A7/2023/എം.ജി.യു തീയതി 29.09.2023 സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം. നമ്പർ:ഒഎ.68/23.07/148666/ACB7-2/2022** **സ്വയംഭരണ കോളേജായ സെന്റ് ആൽബർട്ട്സ് കോളേജിൽ 2021 മുതൽ അനുമതിയില്ലാതെ ആരംഭിച്ചിട്ടുള്ള സ്വാശ്രയ MSW, B.Com Taxation പ്രോഗ്രാമുകളുടെ അധിക ബാച്ചിന് അംഗീകാരം നൽകുന്നതും വിവിധ സ്വാശ്രയ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2021-ൽ സീറ്റ് വർദ്ധനവ് അനുവദിക്കുന്നതും സംബന്ധിച്ച് സിൻഡിക്കേറ്റ് അഫിലിയേഷൻ &അപ്രൂവൽ ഉപസമിതിയുടെ ശുപാർശ - മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) അധികാരം വിനിയോഗിച്ച് അംഗീകരിച്ച വൈസ് ചാൻസിലറുടെ നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവകലാശാല ഉത്തരവും - സിന്റിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയുന്നത് സംബന്ധിച്ച് :-**

2023 ഒക്ടോബർ മാസം 03-ന് കൂടിയ സിൻഡിക്കേറ്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റി (അഫിലിയേഷൻ & അപ്രൂവൽ) യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 148666/AC B7-2/2022 പ്രകാരമുള്ള ശുപാർശ വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 18/10/2023-തീയതിയിലെ 10720/AC B7/2023/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തില് റിപ്പോർട്ട് ചെയ്തു.

**ഇനം. നമ്പർ:ഒഎ.69/23.07/116383/AD A7-1/2023** **സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ (COE)-ലെ ഓൺലൈൻ എംബിഎ പ്രോഗ്രാമിന്റെ നടത്തിപ്പിനായി ഒരു അസിസ്റ്റന്റ് പ്രോഗ്രാം കോർഡിനേറ്റർ (MBA) എന്ന താൽക്കാലിക തസ്തിക അനുവദിക്കുന്നതിനും, കരാർ നിയോഗത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10.17 അനുശാസിക്കുന്ന അധികാരം വിനിയോഗിച്ച് ബഹു.വൈസ് ചാൻസിലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം, "സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ (COE) എംബിഎ-ഓൺലൈൻ പ്രോഗ്രാമിന്റെ നടത്തിപ്പിനായി അസിസ്റ്റന്റ് പ്രോഗ്രാം കോർഡിനേറ്റർ (MBA-ONLINE) എന്ന ഒരു താൽക്കാലിക തസ്തിക അനുവദിക്കുന്നതിനും, ടി കരാർ നിയോഗത്തിന് ഓൺലൈൻ-എം.കോം പ്രോഗ്രമിലെ സമാന തസ്തികയ്ക്ക് നിശ്ചയിച്ച നിബന്ധനകളും വ്യവസ്ഥകളും പാലിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും" വൈസ് ചാൻസിലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 12.10.2023-ലെ സ.ഉ.നം.10610/ADA7/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തില് റിപ്പോർട്ട് ചെയ്തു.

**ഇനം. നമ്പർ:ഒഎ.70/23.07/63244/AC A6-1/2023** **തിരുവല്ല, Mar Athanasios College for Advanced Studies (MACFAST) -ലെ ബയോ സയൻസസ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ** Dr. Teena Merlin **എന്ന അധ്യാപികയ്ക്ക് ടി വിഭാഗത്തിലെ ഗവേഷണകേന്ദ്രത്തിൽ ബയോകെമിസ്ട്രിയിൽ ഗൈഡ്ഷിപ് അനുവദിച്ച കൊണ്ടുള്ള** Research & Development-നു വേണ്ടിയുള്ള സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം, 1985 ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് , III.10(17) **പ്രകാരമുള്ള സവിശേഷാധികാരം പ്രയോഗിച്ച ബഹു വൈസ് ചാൻസലർ അംഗീകരിച്ചതിനനുസൃതമായി പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവ് സിണ്ടിക്കേറ്റിലേക്കു റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തിരുവല്ല, Mar Athanasios College for Advanced Studies (MACFAST)-ലെ ബയോസയൻസസ് വിഭാഗം ഗവേഷണകേന്ദ്രത്തിൽ ബയോകെമിസ്സ്ട്രിയിൽ റിസർച്ച് ഗൈഡായി പ്രവർത്തിക്കുവാനുള്ള സർവകലാശാലയുടെ അംഗീകാരത്തിനായി ടി കോളേജിലെ ബയോസയൻസസ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായ ഡോ. ടീന മെർലിൻ (Dr. Teena Merlin) അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിഗണിച്ച 21/ 09/ 2023 നു കൂടിയ സിണ്ടിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ഓൺ Research & Development, യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ.63244/AC A6-1/2023 പ്രകാരം ടിയാൾക്കു ഗൈഡ് ഷിപ്പ് അനുവദിക്കുവാൻ ശിപാർശ ചെയ്തു. ടി ശിപാർശ, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം, വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 17/10/2023 തീയ്യതിയിലെ 10710/AC A6/2023/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം. നമ്പർ:ഒഎ.71/23.07/46260/AC A7-2/2023** **അൺ-എയ്ഡഡ് സ്വാശ്രയ ആർട്ട്സ് ആൻഡ് സയൻസ് കോളേജുകൾ** - 2023-.2024 **അദ്ധ്യയന വർഷം താൽക്കാലിക അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പരിശോധനാ സമിതിയുടെ റിപ്പോർട്ട്- സിൻഡിക്കേറ്റ് ഉപസമിതിയുടെ ശുപാർശ മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം 3, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചത് - സിണ്ടിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ താൽക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം പുതുക്കുന്നതുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് അംഗങ്ങളെ ഉൾപ്പെടുത്തി സർവ്വകലാശാലാ ഉത്തരവ് നമ്പർ:4478/എ.സി.എ7/2023/എം.ജി.യു, തീയതി:27.04.2023 പ്രകാരം കമ്മീഷനുകൾ രൂപീകരിച്ചിരുന്നു. ഇതിൽ, അൺ-എയ്ഡഡ് സ്വാശ്രയ ആർട്ട്സ് ആൻഡ് സയൻസ് കോളേജുകൾ, സർവ്വകലാശാല നിഷ്കർഷിച്ച നിശ്ചിത ഫോറത്തിൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഫീസ് കുടിശികയും മറ്റു പിഴവുകളും ഇല്ലാത്ത 50 കോളേജുകളുടെ റിപ്പോർട്ടുകളുടെ വിശദവിവരം 03.10.2023-നു കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മറ്റി-അഫിലിയേഷൻ & അപ്രൂവൽ Item No.46260/ACA7-2/2023 പ്രകാരം പരിഗണിച്ച കോളേജുകളുടെ അഫിലിയേഷൻ പുതുക്കി നൽകുവാൻ ശുപാർശ ചെയ്യുകയുണ്ടായി. ടി ശിപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 20.10.2023 തീയതിയിലെ 10780/ACA7/2023/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം. നമ്പർ:ഒഎ.72/23.07/130458/EA 2-1/2023** **2023-'24 വർഷത്തെ യു.ജി പരീക്ഷകൾക്കായുള്ള കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ - - മേൽനോട്ട ചുമതല - ക്യാമ്പ് ഡയറക്ടർമാരെ നിയമിക്കുന്നത് എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ - മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

2023-'24 വർഷത്തെ യു.ജി പരീക്ഷകൾക്കായുള്ള കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ - മേൽനോട്ട ചുമതല - ക്യാമ്പ് ഡയറക്ടർമാരെ നിയമിക്കുന്നത് എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സിൻഡിക്കേറ്റ് ഉപസമിതി (പരീക്ഷ) കൺവീനർ ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം, വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 20.10.2023 തീയതിയിലെ 10786/EA2/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം. നമ്പർ:ഒഎ.73/23.07/104380/AC A5-2/2023** **സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് വകുപ്പിലെ ഓപ്പൺ കോഴ്സ് പ്രോഗ്രാമിന്റെ പുതുക്കിയ കോഴ്സ് കോഡ് അംഗീകരിച്ച് ഉത്തരവായത് - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലെ പഠനവകുപ്പായ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിലെ ഓപ്പൺ കോഴ്സ് പ്രോഗ്രാമിന്റെ കോഴ്സ് കോഡ് മാറ്റം വരുത്തുന്നതിന്, മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം, വൈസ് ചാൻസലർ ഉത്തരവായ നടപടി, 13.09.2023-ന കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിൽ റിപ്പോർട്ട് ചെയ്യുകയും തദനുസരണം 07.10.2023 - ലെ സർവ്വകലാശാലാ ഉത്തരവ് നമ്പർ 10469/AC A5/2023/MGU പുറപ്പെടുവിച്ചു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരംകൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച, 23.08.2023-ലെ 9225/ACA5/2023/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം V, സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം. നമ്പർ:ഒഎ.74/23.07/57701/AC A5-2/2023** School of Polymer Science and Technology (SPST) - **പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ പ്രോഗ്രാമുകൾ ആരംഭിക്കുന്നതും അവയുടെ സിലബസ് നടപ്പിലാക്കുന്നതും അംഗീകരിച്ച് ഉത്തരവായത് - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്:-**

സർവ്വകലാശാലയുടെ പഠനവകുപ്പായ സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജിയിൽ,

1. Post Graduate Diploma in Molecular Simulation of Polymeric Materials and its Applications,
2. Post Graduate Diploma in Polymers for Electronic and Photonic Applications,
3. Post Graduate Diploma in Latex Technology,
4. Post Graduate Diploma in Dry Rubber Technology,
5. Post Graduate Diploma in Plastic Technology.

എന്നിങ്ങനെ ഒരു വർഷം പഠന കാലാവധിയുള്ള പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനും അവയുടെ സിലബസ്സുകൾ അംഗീകരിക്കുന്നതിനും വകുപ്പ് മേധാവി അപേക്ഷ സമർപ്പിച്ചിരുന്നു. 2023 മെയ് മാസം 20-ന കൂടിയ അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മിറ്റി യോഗം അപേക്ഷ പരിഗണിക്കുകയും ആയത് അംഗീകരിക്കുന്നതിന് ശിപാർശ ചെയ്യുകയുമുണ്ടായി. അക്കാഡമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മിറ്റി യോഗത്തിന്റെ പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അധ്യായം III, അനുച്ഛേദം 10 (17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 30.05.2023-ലെ നമ്പർ 6089/AC A5/2023/MGU ഉത്തരവും 13.09.2023 - ന കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിൽ റിപ്പോർട്ട് ചെയ്തു. തദനുസരണം 07.10.2023 - ലെ സർവ്വകലാശാലാ ഉത്തരവ് നമ്പർ 10473/AC A5/2023/MGU പുറപ്പെടുവിച്ചു. മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച 30.05.2023-ലെ 6089/AC

A5/2023/MGU നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം V, സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം. നമ്പർ:ഒഎ.75/23.07/48130/AC A7-1/2023** **മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന 12 IHRD കോളേജുകളുടെ താൽക്കാലിക അഫിലിയേഷൻ 2023-'24 അധ്യയനവർഷം പുതുക്കി നൽകുന്ന വിഷയത്തിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം 3, വകുപ്പ് 10(17) പ്രകാരം, വൈസ് ചാൻസലർ കൈക്കൊണ്ട തീരുമാനവും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :**

2023 ഒക്ടോബർ 03 ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ സ്റ്റാൻഡിങ് കമ്മറ്റി-അഫിലിയേഷൻ ആൻഡ് അപ്പ്രൂവൽ- യോഗ നടപടികളുടെ ഇനം നമ്പർ 48130/ACA7-1/2023 പ്രകാരം മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ താത്കാലിക അഫിലിയേഷൻ 2023-24 അധ്യയന വർഷം പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധന സമിതികൾ സമർപ്പിച്ച റിപ്പോർട്ടുകൾ അംഗീകരിക്കുന്നതിനും 12 IHRD കോളേജുകളുടെ താത്കാലിക അഫിലിയേഷൻ 2023-24 അധ്യയന വർഷം പുതുക്കി നൽകുന്നതിനും സർവകലാശാലയുടെ കീഴിലുള്ള IHRD കോളേജുകളിൽനിന്നും ലഭിക്കുവാനുള്ള ഫീസ് കുടിശിക വിവരങ്ങളും അനുബന്ധ വസ്തുതകളും വ്യക്തമാക്കി സർക്കാരിലേക്ക് ഒരിക്കൽക്കൂടി കത്ത് അയക്കുന്നതിനും ശുപാർശ ചെയ്തു. പ്രസ്തുത ശുപാർശ വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 20.10.2023-ലെ 10798/ACA7/2023/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

(വായിച്ച്, സ്ഥിരീകരിച്ചു.)

പി. ഡി. ഹിൽസ്
01.11.2023

**രജിസ്ട്രാർ**